X. നിയമനിർമ്മാണകാര്യം

1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): സർ, 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബിൽ† ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച് VIII--ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, ഞാൻ ഈ ബില്ലിന്റെ അവതരണത്തെ എതിർക്കുന്നു. ഇത് റൂൾസ് ഓഫ് പ്രൊസീഡ്യുവറിലെ റൂൾ 73-ന് വിരുദ്ധമാണ്' അതിൽ പറയുന്നത്.

73. A Bill involving expenditure shall be accompanied by a financial memorandum which shall invite particular attention to the clauses involving expenditure and shall also give an estimate of the recurring and non-recurring expenditure involved in case the Bill is passed into law. ഈ ബില്ലിന്റെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്നത് The recurring and non-recurring expenditure of the Board will be met from the Fund, and will not be a charge on the Consolidated Fund of the State.

സഞ്ചിതനിധിയിലേയ്ക്ക് ഒരു ബാധ്യതയും ഉണ്ടാകില്ല എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഈ ബില്ലിന്റെ ക്ളാസ് 3(2) ൽ ഒരു നിധിയുണ്ടാക്കാൻ തീരുമാനിച്ചിരിക്കുന്നു. അതിൽ 2(a) യിൽ പറഞ്ഞിരിക്കുന്നത് the contribution specified in section 7 സെക്ഷൻ 7-ൽ പറഞ്ഞിരിക്കുന്നത് The Government may, after due appropriation by law of the State Legislature, from time to time make such grants, advances and loans to the fund for the purposes of this Act on such terms and conditions as the Government may determine. ഈ ഫണ്ടിലേയ്ക്ക് സംസ്ഥാന ഗവൺമെന്റ് ഗ്രാന്റും ലോണും കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അതിനെ സംബന്ധിച്ച് വരുന്ന ബാധ്യത എത്രമാത്രം ഉണ്ടെന്ന് പറഞ്ഞിട്ടില്ല. രണ്ടാമതായി, അതിൽതന്നെ 3(സി) യിൽ പറഞ്ഞിരിക്കുന്നു grants or loans or advances made by the Government or any institution. ഈ നിയമം നിലവിൽ വരുമ്പോൾ സംസ്ഥാന ഗവൺമെന്റിന് വലിയ സാമ്പത്തിക ബാധ്യത വരികയാണ്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ The Kerala

† അനുബന്ധം - 1

883/2010.

LIBRARY ARCHIVES Kerala Legislative Assembly

Infrastructure Investment Fund Board, Information Memorandum of Private pricing Bonds എന്നുപറഞ്ഞ് ഒരു ബോണ്ടിറക്കിയിട്ടുണ്ട്. അതിൽ high lights-ൽ പറഞ്ഞിരിക്കുന്നത് "unconditional and irrevocable guarantees from Government of Kerala for payment of interest and repayment of principal backed by budgetary provision for full tenure of the Bonds." എന്നാണ്. 500 കോടി രൂപ സംസ്ഥാന ഗവൺമെന്റ് ബോണ്ടായി ഇറക്കാൻ തീരുമാനിച്ചപ്പോൾ ഈ 500 കോടി രൂപയും അതിന്റെ പലിശയുമടക്കം ഇതിന്റെ കാലാവധി പൂർത്തിയാക്കുന്നതു വരെ ബഡ്ജറ്ററി സപ്പോർട്ട് കൊടുക്കുമെന്നാണ് പ്രഖ്യാപിച്ചിരിക്കുന്നത്. 500 കോടി രൂപയും പലിശയും ബാധ്യത വരാൻ പോകുകയാണ്. അതുപോലെ തന്നെ ഇതിന് ഒരു ബോർഡ് വച്ചിട്ടുണ്ട്. 7 ഉദ്യോഗസ്ഥൻമാർ ഉള്ള ഒരു ബോർഡാണ് അത്. രണ്ട് മറ്റാളുകളും ഉണ്ട്. ഇതൊരു ഗവൺമെന്റ് സ്ഥാപനം എന്നുള്ള നിലയിൽ ഇവരുടെ ടി.എ., ഡി.എ. ഒക്കെ കൊടുക്കണം. അതും ബാധ്യത വരുന്നതാണ്. അപ്പോൾ ആ അടിസ്ഥാനത്തിലും തീർച്ചയായും ഇതിൽ ബാധ്യത വരുന്നു. റെക്കറിംഗ് ആന്റ് നോൺ റെക്കറിംഗ് എക്സ്പെന്റിച്ചർ കൃത്യമായി പറയേണ്ടതാണ്. അതുപോലെതന്നെ ഭരണഘടനയുടെ ആർട്ടിക്കിൾ 292, 293, ഞാൻ അത് മുഴുവൻ വായിക്കുന്നില്ല. ആർട്ടിക്കിൾ 293(2) The Government of India is authorised to make loans to the States. It can also give guarantee in respect of loans raised by any State. 293 (3) Based on that No state can borrow without the consent of the Government of India if there is out-statnding any part of the Union loan or loan guaranteed by the Union. സംസ്ഥാന ഗവൺമെന്റിന് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദമില്ലാതെ ഈ ബോണ്ടിറക്കാൻ അവകാശമില്ല. കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം വാങ്ങേണ്ടതാണ്. അത് ആർട്ടിക്കിൾ 293-ൽ വളരെ ക്ലിയറായി പറയുന്നുണ്ട്. അതിനുവിരുദ്ധമായി സംസ്ഥാന ഗവൺമെന്റുതന്നെ ഒരു 500 കോടി രൂപയുടെ ബോണ്ടിനുവേണ്ടി "Information Memorandum of Private Pricing Bonds"എന്ന് അതിന്റെ ഒബ്ജക്ടിൽ പറഞ്ഞിട്ടുണ്ട്. "The main objectives of the fund are to provide investments for Projects in the State of Kerala in the sectors of Irrigation, Roads, Power, Water Supply, Inland Navigation, Ports, Solid waste Management and Drainage. വീണ്ടും പറയുന്നത്. The Kerala Infrastructure Investment Fund Board intended to supplement the normal investment in infrastructure schemes and is not intended to replace budgetary support for schemes. Hence money from the funds will not be allotted to schemes which are implemented or controlled by department. ഇവിടെ സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്ററി സപ്പോർട്ടിനുവേണ്ടി ബോണ്ടിറക്കാൻ ഒരു സ്റ്റേറ്റിനും ഭരണഘടനയനുസരിച്ച് അവകാശം നൽകുന്നില്ല. ആട്ടോണമസ് ബോഡികൾക്ക് പണം പിരിക്കാം. പണം പിരിക്കാൻ ഗവൺമെന്റ് ഗ്യാരന്റി കൊടുത്തിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡ് 1100 കോടി രൂപ പിരിച്ചിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡ് അടിസ്ഥാന സൗകര്യമാണ്. കുടിവെള്ളം അടിസ്ഥാന സൗകര്യമാണ്. പോർട്ട്, റോഡ് ഇതൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ്. അതിന് ആട്ടോണമസ് ബോഡിയുണ്ടാക്കി, ആ ആട്ടോണമസ് ബോഡികൾക്കു മാത്രമേ ബോണ്ടിറക്കാനും ഗവൺമെന്റ് ഗ്യാരന്റി കൊടുക്കാനും അവകാശമുള്ളൂ. നമ്മുടെ സംസ്ഥാനത്ത് ഇറിഗേഷൻ ഒരു ഡിപ്പാർട്ടുമെന്റാണ്. പി.ഡബ്ല്യൂ.ഡി. ഒരു ഡിപ്പാർട്ടുമെന്റാണ്, ലോക്കൽ ബോഡീസ് ഡിപ്പാർട്ടുമെന്റാണ്. ആ ഡിപ്പാർട്ടുമെന്റുകൾക്കുവേണ്ടി ബോണ്ടിറക്കാനുള്ള അവകാശമില്ല. സംസ്ഥാന ഗവൺമെന്റ് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കണം. അടിസ്ഥാന സൗകര്യം ഉണ്ടാക്കാൻവേണ്ടി ഇൻഡ്യയിലെ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റുകളും ചെയ്യുന്നതുപോലെ ആട്ടോണമസ് ബോഡികൾ ഉണ്ടാക്കി അതിനാവശ്യമായ പണം സ്വരൂപിക്കാനാണ് ശ്രമിക്കേണ്ടത്. ഇത് യഥാർത്ഥത്തിൽ കേന്ദ്ര ഗവൺമെന്റിനേയും റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയേയുമടക്കം കേരളത്തിലെ ജനങ്ങളെപ്പോലും ചീറ്റ് ചെയ്യുന്ന ഒന്നായി മാറിയിരിക്കുകയാണ്. അതുമാത്രമല്ല, ഈ 500 കോടി രൂപ 13.25 ശതമാനം പലിശയ്ക്കാണ് സംസ്ഥാന ഗവൺമെന്റ് വാങ്ങുന്നത്. ഈ 13.25 ശതമാനം പലിശയ്ക്ക് ഇറിഗ്രേഷനും റോഡിനും ലോക്കൽ ബോഡീസിനും കൊടുത്തുകഴിഞ്ഞാൽ ഇതെങ്ങനെ അടയ്ക്കാൻ കഴിയും? നാളെ ഈ സംസ്ഥാനത്തിന്റെ സാമ്പത്തികബാധ്യത വളരെ ഗുരുതരമായി വരാൻ പോകുകയാണ്. ഇത് ഭരണഘടനയിലെ ആർട്ടിക്കിൾ 293-ന്റെ നഗ്നമായ ലംഘനമാണ്. അതുകൊണ്ട് അടിസ്ഥാന സൗകര്യത്തിനുവേണ്ടി പണം ഉപയോഗിക്കണം. അതിന് ആട്ടോണമസ് ബോഡിയുണ്ടാക്കി പണം സ്വരൂപിക്കാൻ തയ്യാറാകണം എന്നാണ് എനിക്കു പറയാനുള്ളത്.

ഡോ. എം.എ. കുട്ടപ്പൻ : 1999-ലെ കേരള അടിസ്ഥാന സൗകര്യനിക്ഷേപ നിധി ബില്ലിന്റെ അവതരണത്തിനെതിരായ വാദഗതി ഉന്നയിക്കുകയാണ്. ഈ നിധിയിലേയ്ക്കുള്ള ധനസഹായം സർക്കാർ ഗ്രാന്റായി കൊടുക്കണമെന്ന് ബില്ലിന്റെ 7-ാം വകുപ്പിൽ പറയുന്നുണ്ട്. അതുപ്രകാരം സർക്കാർ മുൻകൂറായോ, ലോണായോ, അല്ലെങ്കിൽ ഗ്രാന്റായോ 500 കോടി രൂപ കൊടുക്കണമെന്നാണ് പറയുന്നത്. വൺ ടൈം പേയ്മെന്റ് അല്ല ഇത്. കാലാകാലങ്ങളിൽ ഗ്രാന്റുകളും മുൻകൂർ തുകകളും വായ്പകളും നിധിയിലേക്ക് നൽകാവുന്നതാണ് എന്നുപറഞ്ഞാൽ വൺ ടൈം പേയ്മെന്റല്ല, ആവർത്തിച്ചു കൊടുക്കാമെന്നാണ് ബില്ലിലെ വ്യവസ്ഥ. അങ്ങനെ വ്യവസ്ഥ ചെയ്തിരിക്കെ റെക്കറിംഗ് ആയിട്ടുള്ള കാര്യത്തെക്കുറിച്ചൊന്നും ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടില്ല. വൺ ടൈം പേയ്മെന്റാണെങ്കിൽ 500 കോടി രൂപ എന്നത് പ്രശ്നമല്ല. ഇവിടെ പറയുന്നത് സർക്കാരിന് സംസ്ഥാന നിയമസഭയുടെ നിയമംമൂലം യഥാവിധിയുള്ള ധനവിനിയോഗം വഴി ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി സർക്കാർ നിശ്ചയിക്കാവുന്ന നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും കാലാകാലങ്ങളിൽ ഗ്രാന്റുകളും മുൻകൂർതുകകളും, വായ്പകളും എന്നുപറഞ്ഞാൽ റെക്കറിംഗ് ആയി കൊടുക്കേണ്ടതാണെന്ന് ബില്ലിന്റെ 7-ാം വകുപ്പിൽ പറഞ്ഞിരിക്കെ, അതിനെക്കുറിച്ച് ധനകാര്യ മെമ്മോറാണ്ടത്തിൽ ഒരു പരാമർശം പോലുമില്ല. അതുകൊണ്ട് നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 73-ന് കടകവിരുദ്ധമാണ് ഈ ബില്ലിന്റെ ഇൻട്രോഡക്ഷൻ. ഇത് ഒന്നാമത്തെ കാര്യം. കോഴിക്കോടുള്ള സോപ്സ് ആന്റ് ഓയിൽസിന് എത്രയോ പ്രാവശ്യം ആവർത്തിച്ചു കൊടുക്കേണ്ടി വന്നിട്ടുണ്ട്. അതുകൊണ്ട് ഇതിനും ആവർത്തിച്ച് കൊടുക്കേണ്ടിവരും. അതുപോലെ മറ്റൊരു പ്രധാനപ്പെട്ട കാര്യം 4-ാം വകുപ്പിൽ 7 ഉദ്യോഗസ്ഥന്മാർ ഈ ബോർഡിലെ അംഗങ്ങളാണ് എന്നുപറയുന്നുണ്ട്. അവർക്ക് ചെലവൊന്നും വേണ്ടി വരികയില്ല എന്നാണ് പറയുന്നത്. അവർക്ക് ടി.എ.യും ഡി.എ. യുമൊക്കെ വേണ്ടിവരും. ബോർഡിനകത്തുവച്ചും സംസ്ഥാനത്തിന്റെ പല ഭാഗത്തുവച്ചും യോഗം കൂടാം. അങ്ങനെ കൂടുമ്പോൾ ടി.എ. കൊടുക്കേണ്ടിവരും. ആ ടി.എ. ആവർത്തന ചെലവാണ്. റെക്കറിംഗ് എക്സ്പെൻഡിച്ചറാണ്. ഉദ്യോഗസ്ഥന്മാർക്ക് റെക്കറിംഗ് എക്സ്പെൻഡിച്ചർക്കൊക്കെ വേണ്ടി വരും ഉദ്യോഗസ്ഥന്മാരുടെ ഇത്തരം റെക്കറിംഗ് എക്സ്പെൻഡിച്ചറിനെ സംബന്ധിച്ചും ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ ഒന്നും പറഞ്ഞിട്ടില്ല. അതും ചട്ടം 73-ന്റെ ലംഘനമാണ്. ടോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബിൽ

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭയിൽ ചർച്ചയ്ക്കു വന്നപ്പോൾ ഉദ്യോഗസ്ഥന്മാരുടെ ചെലവിന് ഫണ്ട് വേണ്ടിവരുമെന്ന വാദമുണ്ടായി. അന്ന് ആ ബില്ലിന് മറുപടി പറഞ്ഞ മന്ത്രി പറഞ്ഞത് ബിൽ നടപ്പാക്കുംപോൾ സർക്കാരിന് ഒരു പാഴ്ചെലവും ഉണ്ടാവുകയില്ലായെന്നാണ്. പക്ഷെ അതനുസരിച്ച് ധനകാര്യ മെമ്മോറാണ്ടത്തിൽ പ്രതിപാദിച്ചിരുന്നു. പിന്നീട് സ്കീം വന്നപ്പോൾ ഉദ്യോഗസ്ഥന്മാരുടെ ടി.എ.യും ഡി.എ.യും നിലനിർത്തുമെന്ന് പറഞ്ഞിരുന്നു. അത് സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി പരിശോധിക്കുകയും കണ്ടുപിടിക്കുകയും ആ വിഷയം സംബന്ധിച്ച് രൂക്ഷമായി വിമർശിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ ഇവിടത്തെ ഉദ്യോഗസ്ഥൻമാർക്ക് ടി.എ.യും ഡി.എ.യും ആവർത്തിച്ചാവർത്തിച്ച് കൊടുക്കേണ്ടിവരും. അത് സംസ്ഥാന ഗവൺമെന്റിന്റെ ബാധ്യതയാണ്. അതുകൊണ്ട് ഈ കാര്യങ്ങളെ സംബന്ധിച്ച് ഒന്നും പറയാത്ത സ്ഥിതി ഈ ബില്ലിൽ വന്നിട്ടുണ്ട്. അതുകൊണ്ട് ഈ ബില്ലിന്റെ അവതരണാനുമതി നിഷേധിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

<u>ശ്രീ. വി. ബാലറാം</u> : ഈ ബില്ലിനെ സംബന്ധിച്ച് പ്രൊഫ. പി.വി. താമരാക്ഷനും, ഡോ. എം.എ. കുട്ടപ്പനും പറഞ്ഞ അതേകാര്യം തന്നെയാണ് എനിക്കും പറയാനുള്ളത്. സത്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി സഭയെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. അതായത് 7-ാം വകുപ്പനുസരിച്ച് 'കാലാകാലങ്ങളിൽ ഗ്രാന്റായോ ലോണായോ അഡ്വാൻസായോ ഗവൺമെന്റ് ബോർഡിന് കൊടുക്കും. അതിന് 500 കോടി രൂപവേണം. 8-ാം വകുപ്പനുസരിച്ച് ആയിരം കോടി രൂപവരെ ബോർഡ് എടുക്കുന്ന വായ്പയ്ക്ക് ഗ്യാരന്റി കൊടുക്കണം. ആവർത്തന ചെലവ് ബോർഡ് വഹിക്കുമെന്നാണ്. ഇത് തെറ്റിദ്ധാരണാജനകമാണ്. ക്ളാസ് 3-ൽ പറയുന്നത് സർക്കാരോ ഏതെങ്കിലും സ്ഥാപനമോ നൽകിയിട്ടുള്ള ഗ്രാന്റുകളും വായ്പകളും, അല്ലെങ്കിൽ മുൻകൂർ തുകകളും, രണ്ടുതരത്തിൽ ഗ്രാന്റുകളും വായ്പകളും കൊടുക്കുന്ന ഒരു സംവിധാനമാണ് ഈ ബില്ലിൽ പറയുന്നത്. അത് ഫിനാൻഷ്യൻ മെമ്മോറാണ്ടത്തിൽപ്പെടാത്ത കാര്യമാണ്. ഇതിൽ ക്ളാസ് 3 ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് സ്കീമിനെപ്പറ്റി പറയുന്നുണ്ട്. അതിൽ സബ് ക്ളാസ് 2-ൽ ഫണ്ടിലേയ്ക്ക് എന്തെല്ലാം ക്രെഡിറ്റ് ചെയ്യണമെന്ന് പറയുന്നു. സബ് ക്ളാസ് 7 അനുസരിച്ച് ഗവൺമെന്റ് കോൺട്രിബ്യൂഷൻ ക്രെഡിറ്റു ചെയ്യണം. അതാണ് ഫിനാൻഷ്യൻ മെമ്മോണ്ടത്തിൽ പറയുന്നത്. സബ് ക്ളാസിൽ പറയുന്നത് ഗവൺമെന്റ് നൽകുന്ന 500 കോടിരൂപ ഗ്രാന്റായോ ലോണായോ അഡ്വാൻസായോ ക്രെഡിറ്റ് ചെയ്യണമെന്നാണ്. 7-ാം വകുപ്പുപ്രകാരം നൽകുന്ന ഗ്രാന്റും ലോണും അഡ്വാൻസും കൂടാതെ വേറെയും ഗ്രാന്റും ലോണും അഡ്വാൻസും ഗവൺമെന്റ് നൽകുമെന്നാണ് ഇതിന്റെ അർത്ഥം. അതായത് ഒരു തവണ അല്ലെങ്കിൽ തുടർച്ചയായി കാലാകാലങ്ങളിൽ വരുന്ന നഷ്ടം ഇതിൽനിന്ന് സഹിക്കണമെന്ന് പറയുന്നു. രണ്ടാമത് കൊടുക്കുന്ന തുകയെപ്പറ്റി ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പരാമർശിക്കാത്തത് സത്യത്തിൽ, സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. അത് മന്ത്രി തിരുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നേരത്തെ സൂചിപ്പിച്ചതുപോലെ ബോർഡ് എടുക്കുന്ന ആയിരം കോടിരൂപ ഗവൺമെന്റ് ഗ്യാരന്റി നൽകുമെന്ന് പറയുന്നു. നമുക്കറിയാം നമ്മുടെ സംസ്ഥാനത്തെ പല പൊതുമേഖലാ സ്ഥാപനങ്ങളും നഷ്ടത്തിലേയ്ക്ക് പോവുകയാണ്. ഇത് നഷ്ടത്തിൽ കലാശിച്ചാൽ ഇതിന്റെ പലിശയും പിഴപലിശയും ആരാണ് കൊടുക്കേണ്ടിവരിക എന്നുകൂടി അറിയണം. അത് സർക്കാർതന്നെ കൊടുക്കേണ്ടിവരും. അപ്പോൾ സംസ്ഥാനത്തെ മറ്റു പൊതുമേഖലാസ്ഥാപനങ്ങളെപ്പോലെ ഇത് നഷ്ടത്തിൽ വന്നാൽ അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടവും കൂടി ഗവൺമെന്റ് വഹിക്കേണ്ടിവരും. ഇത്തരം കാര്യങ്ങൾ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറയാതെ സഭയെയും ജനങ്ങളെയും തെറ്റിദ്ധരിപ്പിച്ച് അവതരിപ്പിക്കുന്ന ഈ ബില്ലിനെ ശക്തിയുക്തം എതിർക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഞാൻ ആദ്യം മണ്ടു ഒബ്ജക്ഷൻസിനും മറുപടി പറയാം. ഒന്ന്, നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യൂവറിലെ 73-ാം ക്ലാസിൽ പറയുന്നത്.

A Bill involving expenditure shall be accompanied by a Financial Memorandum which shall invite particular attention to the clauses involving expenditure and shall also give an estimate of the recurring and non-recurring expenditure involved in case the Bill is passed into law എന്നാണ്.

ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ 7-ാം സെക്ഷൻ എൻവിസേജു ചെയ്യുന്നു, ഗവൺമെന്റ് കൊടുക്കാൻ ഉദ്ദേശിക്കുന്നതിന് 500 കോടി രൂപയുടെ ചെലവു വരും. വേറെ റെക്കറിംഗ് ആന്റ് നോൺ റെക്കറിംഗ് ചെലവ് ഒന്നും വരാനില്ല. കോർപ്പറേഷനിലൊക്കെയാണെങ്കിൽ ശമ്പളവും ഡി.എ.യും ടി.എ. യും ഒക്കെ കൊടുക്കേണ്ടി വരും. ഇതിൽ അതൊന്നും വരില്ല. അതാണ് ഈ സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെ മേന്മ ഒരു കമ്പനിയായിട്ടോ, ഒരു കോർപ്പറേഷനായിട്ടോ ഇത് ഉണ്ടാക്കിയിരുന്നുവെങ്കിൽ ചെയർമാനും, ബിൽഡിംഗും, വാടകയും, സ്റ്റാഫും, സി.എ.യും കാറും, കാർട്ടേഴ്സും, ടി.എ. യുമൊക്കെ കൊടുക്കണമായിരുന്നു. അതിന്റെ മാനേജീരിയൽ ഓവർഹെഡ് എക്സ്പെൻഡീച്ചർ റെക്കറിംഗ് വരരുത് എന്നുള്ള നിർബന്ധബുദ്ധിയുള്ളതു കൊണ്ടാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിളാക്കിയത്. അപ്പോൾ പണം സേവ് ചെയ്യുന്നത് കുറ്റമാണോ? പണം സേവ് ചെയ്യാൻ വേണ്ടിയാണ്. റെക്കറിംഗ് എക്സ്പെൻഡീച്ചർ വരാതിരിക്കാൻ വേണ്ടിയാണ്. അത് വരണമെന്ന് എഴുതി വയ്ക്കണമെന്നാണ് നിങ്ങൾ പറയുന്നത്. എല്ലാവർഷവും വാർഷിക ഗ്രാന്റ് കൊടുക്കണമെന്നൊന്നും പറഞ്ഞിട്ടില്ല.

This is an enabling provision for the Government to give grant.

അല്ലാതെ ആനുവൽ ഗ്രാന്റ് ഇത്ര രൂപ കൊടുക്കുമെന്ന് പറയാറില്ല. പിന്നെ നമ്മൾ ഓപ്പൺ മാർക്കറ്റിൽ നിന്ന് കടം വാങ്ങുന്നു. എന്നിട്ട് നമ്മൾ കൊടുക്കുന്നത് സ്പെഷ്യൽ വെഹിക്കിൾ സ്കീമിലാണ്. എന്നുവച്ചാൽ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റിനല്ല. സ്പെസിഫിക് പ്രോജക്ടിന്

They have to create a special purpose vehicle

ആ സ്പെഷ്യൽ പർപ്പസ് വെഹിക്കിളിനേ കൊടുക്കൂ. ഗവൺമെന്റ് ഡിപ്പാർട്ടുമെന്റിന് ഡേ റ്റു ഡേ എക്സ്പെൻഡീച്ചർ കൊടുക്കുകയില്ല. അങ്ങനെ കൊടുത്താൽ ഇത് ഗവൺമെന്റിന്റെ റൂട്ടീൻ എക്സ്പെൻഡീച്ചറിനുള്ള ഫണ്ടായി മാറും. Day-to-day expenditure-ന് കയ്യിൽ നിന്ന് കാശു കൊടുക്കുന്ന ഒരു സ്ഥിതി വരും. പൊന്നാനിയിൽ ഒരു സ്കീം നമ്മൾ കൊടുത്തിട്ടുണ്ട്. അതിന് ഒരുദാഹരണം പറയാം. ചമ്രവട്ടം പ്രോജക്ട്. ആ പ്രോജക്ടിന് a company is being registered അതിനെയാണ് നമ്മൾ അണ്ടർടേക്കിംഗ്സ് എന്ന് പറയുന്നത്. അദർ അണ്ടർടേക്കിംഗ്സുമുണ്ട്. ആ അദർ അണ്ടർടേക്കിംഗ്സും അണ്ടർടേക്കിംഗ്സും ആക്ടിൽ ഡിഫൈൻ ചെയ്യുന്നുണ്ട്. ആ അണ്ടർടേക്കിംഗ്സിനേ കൊടുക്കാൻ പറ്റുകയുള്ളൂ. അല്ലാതെ ഡിപ്പാർട്ട്മെന്റിന് കൊടുക്കുകയില്ല എന്നുള്ളതാണ് ഇതിന്റെ ക്രെഡിബിലിറ്റി. ഒരു പ്രോജക്ട് സ്പെസിഫിക്കായി കിട്ടി, ആ പ്രോജക്ട് സ്പെസിഫിക്കേ

LIBRARY ARCHIVES Kerala Legislative Assembly

ഷന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഉണ്ടാക്കിയാൽ അവർക്ക് കാശ് കൊടുക്കും. പിന്നെ പഞ്ചായത്തിനും കൊടുക്കും. അല്ലാതെ ഡിപ്പാർട്ട്മെന്റിന് ഈ ഫണ്ട് ചെലവഴിക്കാൻ പറ്റില്ല. ഫിനാൻസ് ഡിപ്പാർട്ട്മെന്റിന് ഇതെടുത്ത് കൈകാര്യം ചെയ്യാൻ പറ്റുകയില്ല. because it is a fund corpus of an independent fund board which is a product of a statute of this Assembly.

അതിൽ കൺസോളിഡേറ്റഡ് ഫണ്ടല്ല വരുന്നത്.....

<u>ശ്രീ. കെ.എം. മാണി</u> : ആ എമൗണ്ട് മുഴുവൻ ഗവൺമെന്റിന്റെ പബ്ലിക് അക്കൗണ്ട്സിൽ ഡെപ്പോസിറ്റ് ചെയ്യുമെന്നാണ് പറഞ്ഞത്. Public accounts is a part of the budget. ഗവൺമെന്റിന്റെ വേയ്സ് ആന്റ് മീൻസിന് ഉപയോഗിക്കുന്നതാണത് അതെങ്ങനെയാണ് അല്ലാതെ വരുന്നത്?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ഞാൻ പറഞ്ഞുതരാം. You may be an efficient advocte. ഞാൻ അഡ്വ കേറ്റല്ല. പക്ഷെ Law is codifile commonsense.

ആ നിർവ്വചനം വച്ചുകൊണ്ട് ഞാൻ വക്കീലായിട്ടു പറയുകയാണ്. codifide commonsense ആണ്. അതുകൊണ്ട് ഞാൻ പറയാം. ഇതിൽ വേയ്സ് ആന്റ് മീൻസിന് ചെലവാക്കുമെന്നുള്ള യാതൊരു ബേജാറും വേണ്ട. This will not be spent by the department at all. പ്രോജക്ടിനു വേണ്ടി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ വേറെ സൃഷ്ടിക്കണം. അതിനേ കൊടുക്കൂ.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : അതുവരെ ട്രഷറിയിൽ കിടക്കുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : അതു ട്രഷറിയിലേ കിടക്കുകയുള്ളൂ. വീട്ടിലാണോ അതു കിടക്കേണ്ടത്? ഖജനാവിൽ തന്നെയാണ് അതു ഇടേണ്ടത്. അല്ലാതെ വേറെ എവിടെയാണ് ഇടുന്നത്? ഖജനാവിൽ ഈ പണം മാത്രമല്ല, പല വെൽഫയർ ബോർഡിന്റെയും പണമുണ്ട്. കൂടാതെ ഇലക്ട്രിസിറ്റി ബോർഡ്, ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഇവർക്കെല്ലാം ഖജനാവിൽ പണം ഇടുന്നതിന് യാതൊരു തടസ്സവുമില്ല. എന്റെ പൈസയും ഖജനാവിലുണ്ട്. എന്റെ ശമ്പളമാണ്. അതും കൺസോളിഡേറ്റഡ് ഫണ്ടാണോ? ഞാൻ ചോദിക്കുന്നത്. ഖജനാവിൽ പൈസയിട്ടാൽ പൈസയിടരുതെന്നു പറയാൻ, ബോർഡിന്റെ പൈസ ഖജനാവിലിടാതെ വേറെ സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിക്കണമെന്ന് ഇതിൽ പറഞ്ഞിട്ടില്ല. ട്രഷറിയിൽ ഇടണമെന്നേ പറഞ്ഞിട്ടുള്ളൂ. ഈ ഫണ്ടു മാത്രമല്ല. നമുക്ക് ഒരു അധികാരവുമില്ലാത്ത നിരവധി ഫണ്ടുകൾ ഇതിലുണ്ട്. ഇവിടെ പറഞ്ഞത് കോൺസ്റ്റിറ്റ്യൂഷണൽ ഒബ്ലിഗേഷൻസാണ്. ആ ഒബ്ലിഗേഷൻസ് ആ രീതിയിൽ മാത്രമേ പറയാൻ പറ്റുകയുള്ളൂ.....(ബഹളം)..... നിങ്ങളുടെ നിരാകരണത്തിൽ കാസ്റ്റ്യൻ ഓഫ് ഫാക്ട്സ് പറയുക. അതിന് ശ്രീ. ശിവദാസമേനോൻ മറുപടി പറയും. ഇത് കാസ്റ്റ്യൻ ഓഫ് ലാ ആണ്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : ഇതിന്റെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ രണ്ടു വാക്കുകളേ വരാൻ പാടുള്ളൂ എന്ന് റൂൾ 73 അനുസരിച്ച് പറഞ്ഞിട്ടില്ല. ഫിനാൻഷ്യൽ മെമ്മോറാണ്ടം ഇത്ര വാചകത്തിൽ നിർത്തണമെന്ന് ചട്ടത്തിലും പറയുന്നില്ല. ഈ ബില്ലിനെ സംബന്ധിച്ച് കൂടുതൽ വേണമെന്നും പറഞ്ഞിട്ടില്ല. മനസ്സിലാകത്തക്ക വിധത്തിൽ വേണം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ആർഗ്യുമെന്റൊന്നും ഇതിൽ വന്നിട്ടില്ലല്ലോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : പറയാം. കുറച്ചു വാചകത്തിൽ വേണമെന്നും പറഞ്ഞിട്ടില്ല, കൂടുതൽ വാചകത്തിൽ വേണമെന്നും പറഞ്ഞിട്ടില്ല. ഞാൻ പറയുന്നത്...

LIBRARY ARCHIVES Kerala Legislative Assembly

ലെജിസ്ലേഷൻ ഒരു നീണ്ട പ്രസംഗമാകരുത്.

Legislation must be precise, specific and to the point. അതാണ് വേണ്ടത്.

ശ്രീ. ടി.എം. ജേക്കബ് : നിയമസഭയിൽ സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജക്ട്സ് ആന്റ് റീസൺസ്, ഫിനാൻഷ്യൽ മെമ്മോറാണ്ടം ഇതൊക്കെ ബില്ലിന്റെ കൂടെ റൂൾ അനുസരിച്ച് അറ്റാച്ച് ചെയ്യുന്നത് മെമ്പേഴ്സിന് മനസ്സിലാക്കാനും ഭരണ ഘടനാപരവും വ്യവസ്ഥാപിതവുമായ ചില നടപടി ചട്ടങ്ങൾക്ക് വിധേയവുമായിട്ടാണ്. അതിനകത്ത് സഭയെയോ അംഗങ്ങളെയോ മറച്ചുവയ്ക്കേണ്ട കാര്യമില്ല. ഇവിടെ നിങ്ങൾ റൂൾ 73-ന് നിരക്കാത്ത കാര്യങ്ങളാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

ശ്രീ. ടി. ശിവദാസമേനോൻ : ഈ ബില്ലിന് 22 വകുപ്പുകളെയുള്ളൂ.

ശ്രീ. ആര്യാടൻ മുഹമ്മദ് : റൂൾസ് ഓഫ് പ്രൊസിഡുവറാണ്.

ശ്രീ. ടി. ശിവദാസമേനോൻ : റൂൾസ് ഓഫ് പ്രൊസീഡുവറിലെ റൂൾ 73 ആണോ? ഞാൻ വ്യക്തമായി പറയാം. ഫിനാൻഷ്യൽ മെമ്മോറാണ്ടവും സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജക്ട്സ് ആന്റ് റീസൺസും ബില്ലിൽ ഉണ്ട്. എങ്ങനെ വേണമെന്നു പറഞ്ഞിട്ടില്ല. ബില്ലിൽ അതു വേണം. അതുണ്ട്. എല്ലാ അംഗങ്ങൾക്കും മനസ്സിലാക്കാൻ വേണ്ടി ക്ലിയറായിട്ട് കൊടുത്തിട്ടുണ്ട്. ഫിനാൻഷ്യൽ മെമ്മോറാണ്ടവും കൊടുത്തിട്ടുണ്ട്. Nothing more is needed. ഇവിടെ പ്രസംഗിച്ചവർ expenditure of the Board, T.A./D.A. of the Board Members and experts. എന്നൊക്കെയാണ് പറഞ്ഞത്. That will be met from the fund itself. അതൊരുകാലത്തും കൺസോളിഡേറ്റഡ് ഫണ്ടിന് ചാർജ്ജായി വരില്ല. പിന്നെയുള്ള കാസ്റ്റ്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 292-ഉം 293-ഉം ആണ്. ആർട്ടിക്കിൾ 292 I will dispose first. ആർട്ടിക്കിൾ 292 ഡീൽ ചെയ്യുന്നത് യൂണിയൻ ഗവൺമെന്റ് കടം വാങ്ങുകയോ ഗ്യാരന്റി നിൽക്കുകയോ ചെയ്യുന്ന കാര്യങ്ങളെ സംബന്ധിച്ചാണ്. ഈ ബില്ലിൽ യൂണിയൻ ഗവൺമെന്റിന്റെ ആ അധികാരത്തെ ഇൻഫ്രിൻജ് ചെയ്യുന്ന, ആ ക്ലാസിനെ ഹിറ്റ് ചെയ്യുന്ന യാതൊന്നുമില്ല, because it is whole deal with Art.292. ആർട്ടിക്കിൾ 293 ഇപ്പോൾ പ്രസക്തമാണിവിടെ. ആർട്ടിക്കിൾ 293 (3) ആണ് ഇവിടെ പ്രസക്തം. അതായത് സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിലേയ്ക്ക് പണം കടം കൊടുക്കാനുള്ളപ്പോൾ ഗവൺമെന്റ് കേന്ദ്രത്തിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങാതെ സംസ്ഥാന സർക്കാർ കടം വാങ്ങാൻ പാടില്ല എന്നുള്ളതാണ്. ആ റൂൾ 293 (3) is to be replied. അതു റിപ്ലൈ ചെയ്യേണ്ടതാണ്. അതെന്താണെന്നു വച്ചാൽ ഒന്ന്, ഗവൺമെന്റ് ബോറോ ചെയ്യുന്നില്ല. ഗവൺമെന്റല്ല ബോറോ ചെയ്യുന്നത്. ബോറോ ചെയ്യുന്നത് ഒരു സെപ്പറേറ്റ് ലെജിസ്ലേറ്റീവ് എന്റിറ്റിയാണ്.

It is a product of an Act.

അപ്പോൾ ഗവൺമെന്റ് ബോറോ ചെയ്യാൻ പാടില്ല എന്നു പറയാമെന്നുള്ളതു കൊണ്ടാണ് ഇതുണ്ടാക്കിയത്. ഇതു മാത്രമല്ല, എട്ടു സ്റ്റേറ്റുകൾ ഇതുണ്ടാക്കിയിട്ടുണ്ട്. അവയുടെ മുഴുവൻ ലിസ്റ്റും എന്റെ കയ്യിലുണ്ട്. അവരുടെ ബൈലാ ഉണ്ട്. മെമ്മോറാണ്ടം ഓഫ് അസോസിയേഷൻസുണ്ട്, പർപ്പസുണ്ട്, ഒബ്ജക്ടീവ്സുണ്ട്. എല്ലാമുണ്ട്. അതുകഴിഞ്ഞ് വരുന്നത് ഗ്യാരന്റിയുടെ പ്രശ്നമാണ്. അതായത് ലോണും ഗ്യാരന്റിയും.

Loan is a outgo inpresentee but the guarantee is only a possible outgo in future എന്നു വച്ചാൽ ഇപ്പോൾ കൊടുക്കേണ്ടതാണ്. ഇതാണ് നിയമം. ഇൻഫ്യൂച്ചറാണത്, in presentee യ്ക്കാണ് സമ്മതം വേണ്ടത്. ഇൻഫ്യൂച്ചറിന്

LIBRARY ARCHIVES Kerala Legislative Assembly

സമ്മതം വേണ്ട. അതുകൊണ്ടാണ് ഞാൻ പറയുന്നത്. It is not a borrowing by the Government but by an independent body which is a product of the Legislature. ഓർഡിനൻസ് പാസ്സായിട്ടേ ഇതു ചെയ്യുകയുള്ളൂ. ഓർഡിനൻസ് എന്നു പറഞ്ഞാൽ ആർട്ടിക്കിൾ 240-ൽ പറയുന്നത് ഓർഡിനൻസിന് ആക്ടിന്റെ എല്ലാ സ്റ്റാറ്റസുമുണ്ട്, ആ ആക്ടിന്റെ പ്രോഡക്ട് പ്രകാരമേ ചെയ്തിട്ടുള്ളൂ. ഇതിനു പുറമേ അഡ്വക്കേറ്റ് ജനറൽ ഉണ്ട്, under Article 165 of the Constitution. ആർട്ടിക്കിൾ 165 പറയുന്നത് ഗവൺമെന്റിന് ഈവക നിയമപരമായ എന്തെങ്കിലും കാര്യങ്ങൾ ഉപദേശിക്കാൻ ഉള്ള ഭരണഘടനാ അതോറിറ്റി ആരാണ്? അഡ്വക്കേറ്റ് ജനറലാണ്.

I have taken the view of the Advocate General. The Advocate General has specifically said that it will not hit Article 293(3) of the Constitution. അതിനു കാരണം അദ്ദേഹം വിശദീകരിച്ചു പറയുന്നുണ്ട്. പിന്നെ ഞങ്ങൾക്ക് ചോദിക്കാനുള്ളത് ലാ ഡിപ്പാർട്ടുമെന്റിനോടാണ്. That is the executive authority. Advocate General is the constitutional authority. Law Department has cleared it. ഇതിൽ യാതൊന്നും കോൺസ്റ്റിറ്റ്യൂഷനിലെ ഒരു പ്രൊവിഷനിലും ഹിറ്റ് ചെയ്യുന്നില്ലായെന്ന് ലാ ഡിപ്പാർട്ടുമെന്റും എഴുതിയിട്ടുണ്ട്, without any hesitation. എ.ജി.യുടെ ലീഗൽ ഒപ്പീനിയനും എടുത്തിട്ടുണ്ട്. ആ ലീഗൽ ഒപ്പീനിയനിൽ ക്രിസ്റ്റൽ ക്ലീയറായിട്ട് പറയുന്നുണ്ട്. ഞാൻ വേണമെങ്കിൽ ആ വാചകം വായിക്കാം.

Under the aforesaid circumstances, in opinion the proposed bill for creation of investment fund for infrastructure is not violative of Article 293(3) of the Constitution of India,

ഇങ്ങനെ ക്ലീയറായി അഡ്വക്കേറ്റ് ജനറൽ പറഞ്ഞാൽപ്പിന്നെ ശ്രീ. കെ. എം. മാണി പറയുന്നത് കേൾക്കാൻ പറ്റുമോ?

You are not the constitutional authority. It is the constitutional authority.

ശ്രീ. കെ.എം. മാണി : അങ്ങിവിടെ പറഞ്ഞത് ഗവൺമെന്റിന് പണം ഇല്ലാത്തതുകൊണ്ട് ഗവൺമെന്റിന് കടമെടുക്കാൻ അനുവാദമില്ല. അതിനെ സർക്കംവെന്റ് ചെയ്യാനാണ് ഇപ്രകാരം ഒരു ലീഗൽ ബോഡി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തതെന്ന് പറഞ്ഞു. It is a fraud on the constitution. ഗവൺമെന്റിന് കടമെടുക്കാൻ അധികാരമില്ലാത്തതുകൊണ്ട്, അനുവാദമില്ലാത്തതുകൊണ്ട് അതിനെ സർക്കംവെന്റ് ചെയ്യാൻ ഒരു ലീഗൽ ബോഡിയുണ്ടാക്കി കടമെടുക്കുന്നു എന്നു പറയുന്നത്, it is a fraud on the constitution.... ബഹളം....

ശ്രീ. ടി. ശിവദാസമേനോൻ : സർ, അദ്ദേഹത്തിന്റെ പരാമർശത്തിൽ ഇൻസിന്യൂവേഷനുണ്ട്. സർക്കംപെന്റ് എന്നുപറയുന്നത് if is a very very bad word. No. I have been very plain.

എന്താണ് സർക്കംപെന്റ് ചെയ്യുന്നത്?... ബഹളം....

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഈ രാജ്യത്തെ കോർപ്പറേഷൻ മുഴുവൻ ഉണ്ടാക്കിയത് ശ്രീ. കെ.എം. മാണിയുടെ അഭിപ്രായത്തിൽ ആണെങ്കിൽ സർക്കംവെന്റ് എന്നുപറയാം. സ്റ്റേറ്റ് ഗവൺമെന്റിൽ റിസോഴ്സസ് ഇല്ലാത്തതുകൊണ്ട് ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് വാങ്ങാനായിട്ടാണ് കോർപ്പറേഷൻ ഉണ്ടാക്കിയിരിക്കുന്നത്. ഇതും അതുതന്നെയാണ്....ബഹളം....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : അങ്ങ് എന്റെ വാദം കേൾക്കണം. ഞാൻ പറഞ്ഞത് സർക്കാർ കടം വാങ്ങുന്നതിനുപകരം വാങ്ങിയതല്ല. സർക്കാർ കടം വാങ്ങുമ്പോഴേ 293(3) ബാധകമുള്ളൂ, മറ്റൊരു ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസിൽ നിന്നാണ് ഇത് വാങ്ങുന്നത്, അതിന് ഇത് ബാധകമല്ല എന്നുപറഞ്ഞു. അല്ലാതെ സർക്കാർ കടം വാങ്ങുന്നതിനുപകരം എന്ന് ഇങ്ങനെ വളച്ച് ഞാൻ പറഞ്ഞിട്ടില്ല.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾക്ക് ഈ ബഡ്ജറ്ററി കൺസ്ട്രെയിൻസുള്ളതുകൊണ്ട് പൊതുധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കാൻ ഇതുപോലുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ 500 കോടി രൂപ എടുക്കുമ്പോൾ പല സംസ്ഥാനങ്ങളിലും രണ്ടായിരവും മൂവായിരവും കോടി രൂപ എടുത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെയൊരു നടപടി വേണ്ടായെന്നാണോ അപ്പുറത്തുനിന്നുമുള്ള അഭിപ്രായം?.....ബഹളം.....

ശ്രീ. കെ.എം. മാണി : സർ, ഫിനാൻസ് മിനിസ്റ്റർ പറഞ്ഞത് ഗവൺമെന്റിന് കടമെടുക്കാൻ പറ്റാത്തതുകൊണ്ട് ഞങ്ങൾ....ബഹളം.....

ശ്രീ. ടി. ശിവദാസമേനോൻ : സർ, ശ്രീ. കെ.എം. മാണി Don't put your tongue into my mouth. അദ്ദേഹം ആഗ്രഹിക്കുന്നതുപോലെ പറയാൻ എനിക്ക് കഴിയില്ല. ഞാൻ പറഞ്ഞത് 293(3) warrants Central Government's permission. അത് സ്റ്റേറ്റ് ബോറോ ചെയ്യുമ്പോൾ മാത്രമേ ആവശ്യമുള്ളൂ, ഇൻസ്റ്റിറ്റ്യൂഷൻസ് ബോറോ ചെയ്യുമ്പോൾ ആവശ്യമില്ലെന്ന് നിയമമാണ്.

ശ്രീ. കെ.എം. മാണി : സർ, മന്ത്രി പ്രസംഗിച്ചപ്പോൾ പറഞ്ഞത് ഇത് സർക്കംവെന്റ് ചെയ്യാൻവേണ്ടി ഞങ്ങളൊരു ലീഗൽ ബോഡിയുണ്ടാക്കി എന്നാണ്.....ബഹളം.....

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഞാൻ പറയാത്ത സ്റ്റേറ്റുമെന്റ് ഇവിടെ പറയുന്നത് അൺവാറന്റഡ് മാത്രമല്ല, എല്ലാ പാർലമെന്ററി എത്തിക്സിനും എതിരാണ്. ഹ്യൂമൻ എത്തിക്സിനെതിരാണ്. എലിമെന്ററി മര്യാദയ്ക്കുമെതിരാണ്.

മി. സ്പീക്കർ : ഇവിടെ ഒരു വാദപ്രതിവാദത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല. ഇവിടെ കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷനുണ്ട്. റൂൾസ് ഓഫ് പ്രൊസീഡ്യൂവർ ഉണ്ട്. അതിനെസംബന്ധിക്കുന്ന വിഷയങ്ങൾമാത്രം പരിശോധിച്ചാൽ മതിയല്ലോ, വാദപ്രതിവാദം നിയമസഭയിൽ വേണ്ട. ഇവിടെ കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷനെ സംബന്ധിച്ചും റൂൾസ് ഓഫ് പ്രൊസിഡ്യൂവറിനെ സംബന്ധിച്ചുമുള്ള ചില ഒബ്ജക്ഷൻസ് പ്രൊഫ. എ.വി. താമരാക്ഷൻ, ഡോ. എം.എ. കുട്ടപ്പൻ എന്നിവർ ഉന്നയിക്കുകയുണ്ടായി. അതിനെ സംബന്ധിച്ച മറുപടി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷൻ അനുസരിച്ച് കടമെടുക്കുന്നതിന് കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി സംസ്ഥാന സർക്കാരിനു വേണമെന്നുള്ളതാണല്ലോ ഇവിടെ ഉന്നയിക്കപ്പെട്ട സംഗതി. ഭരണഘടനയുടെ 246-ാം ഖണ്ഡമനുസരിച്ച് അതിന്റെ 2-ാം പട്ടികയിൽ 43-ാം നമ്പർ എൻട്രിയായിട്ടുതന്നെ നിയമനിർമ്മാണം നടത്താനുള്ള സംസ്ഥാന നിയമസഭയുടെ അധികാരത്തെ സംബന്ധിച്ച് പറയുന്നുണ്ട്. അതിൽപ്പെടുന്നതാണോ അല്ലയോ എന്നുമാത്രമേ നമുക്ക് പരിശോധിക്കേണ്ടതായിട്ടുള്ളൂ. അതിൽ 293-ാം ആർട്ടിക്കിളിനു വിരുദ്ധമായിട്ടാണ് ക്ലാസ് 9-ഉം ക്ലാസ് 18-ഉം വന്നിരിക്കുന്നത് 883/2010.

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് ഇവിടെ ഉന്നയിക്കപ്പെട്ടത്. ബില്ലിലെ വ്യവസ്ഥയനുസരിച്ച് ബോർഡാണ് ലോൺ സമാഹരിക്കുന്നത്. ബോർഡ് സമാഹരിക്കുന്ന ലോണിനെ സംബന്ധിച്ചും ഇതിൽ പറയുന്നുണ്ട്. ആയിരം കോടി രൂപയിൽ കവിയരുതെന്ന് വ്യവസ്ഥയും ചെയ്യുന്നുണ്ട്. ഈ ലോണിന് ഗവൺമെന്റ് ഗ്യാരന്റി നിൽക്കുന്നുണ്ട്. അതാണ് ഇവിടെയുള്ള നടപടി. ഈ ഗ്യാരന്റി സംബന്ധിച്ച സ്റ്റേറ്റുമെന്റ് കാലാകാലങ്ങളിൽ നിയമസഭയിൽ വയ്ക്കണമെന്നും വ്യവസ്ഥയുണ്ട്. അപ്പോൾ ആർട്ടിക്കിൾ 293 അനുസരിച്ച് സംസ്ഥാന സർക്കാർ സ്വരൂപിക്കുന്ന കടങ്ങൾക്കുമാത്രമാണ് അത് ബാധകമായിട്ടുവരിക. സംസ്ഥാന സർക്കാർ ഗ്യാരന്റി നിൽക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമില്ലെന്ന് വളരെ വ്യക്തമാണ്. അതുകൊണ്ട് ക്ലാസ് 9 ഭരണഘടനയുടെ 299-ാം ഖണ്ഡത്തിന് വിരുദ്ധമാണെന്ന വാദം നിലനിൽക്കുന്നതല്ല. ഡോ. എം.എ. കുട്ടപ്പൻ പറഞ്ഞകാര്യവും ചെയർ പരിശോധിച്ച് ഈ ബില്ലിനെ ആധാരമാക്കിമാത്രം പറഞ്ഞാൽ അത് പ്രസക്തമായ കാര്യമായിട്ടാണ് എനിക്ക് തോന്നുന്നത്. പക്ഷേ അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ വിശദീകരണവും കേട്ടു. ക്ലാസ് 7, Contribution to the fund. അത് ഇതിൽ എഴുതി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് നടപ്പിലാക്കാനല്ല ഉദ്ദേശിക്കുന്നത്, അതൊരു എനേബ്ലിംഗ് പ്രൊവിഷനാണെന്നാണ് ഇവിടെ വിശദീകരിച്ചത്. അല്ലെങ്കിൽ അതിനെ സംബന്ധിച്ചുള്ള ഒരു ക്ലാരിറ്റി ആവശ്യമായിട്ടുണ്ടെന്ന് ചെയറിന് തോന്നിയിരുന്നു. അപ്പോൾ അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ മെമ്മോറാണ്ടം അതനുസരിച്ചും ആർട്ടിക്കിൾ 73 അനുസരിച്ചും ബോർഡ് സമാഹരിക്കുന്ന തുകയ്ക്ക് ഗ്യാരന്റി നിൽക്കുകമാത്രമാണ് സംസ്ഥാന സർക്കാർ ചെയ്യുന്നത്. ഗ്യാരന്റി നിൽക്കുന്നതുമൂലം ഇമ്മീഡിയറ്റായി കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും യാതൊരു ചെലവും വരുന്നില്ല എന്ന് ഇതിനെസംബന്ധിച്ച ഒരു വിശദീകരണം അദ്ദേഹം നൽകുകയുണ്ടായി. മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ ഒബ്ജക്ഷൻസ് ഒന്നും നിലനിൽക്കുന്നതല്ല. ബിൽ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : Sir, I move that "This House resolves to disapprove the Kerala Infrastructure Investment Fund Ordinance, 1999 (Ordinance No.5 of 1999)".

[1.00 P.M.

ഈ ഓർഡിനൻസ് ഇവിടെ കൊണ്ടുവന്നു. ഈ ഓർഡിനൻസിന്റെ ആവശ്യകത ഉണ്ടായിരുന്നോ എന്ന് ചോദിച്ചാൽ ഇല്ല എന്നുള്ള കാര്യം എല്ലാപേർക്കും അറിയാം. എന്നാൽ ഈ ഓർഡിനൻസ് ആവശ്യമാണെന്ന് മറ്റാരേക്കാളും കൂടുതൽ അറിയാവുന്നത് ധനകാര്യ വകുപ്പുമന്ത്രിയ്ക്കാണ്. കാരണം ട്രഷറിയിൽ പണം ഇല്ല എന്നുള്ള കാര്യം എല്ലാപേർക്കും അറിയാം. തൽക്കാലം ട്രഷറിയിൽ കുറച്ചു പണമുണ്ടാക്കാനുള്ള മാർഗ്ഗത്തെക്കുറിച്ചാണ് ധനകാര്യ വകുപ്പുമന്ത്രി ചിന്തിച്ചത്. ഇന്ന് ഇവിടെ ചർച്ച നടക്കുന്ന സന്ദർഭത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പറയുന്നത് കേട്ടു ധനകാര്യ വകുപ്പ് പണം തരണ്ടേയെന്ന്. അതുകഴിഞ്ഞ് ബഹുമാനപ്പെട്ട പി.ജെ. ജോസഫ്, മരാമത്ത് വകുപ്പു മന്ത്രി, ഞാൻ അദ്ദേഹത്തെ അനവധി കാലം നിയമസഭയിൽ എം.എൽ.എ.യായിട്ടും മന്ത്രിയായിട്ടും കണ്ടിട്ടുണ്ട്. എന്നാൽ ഇത്ര നന്നായി ശോഭിച്ച ദിവസം ഉണ്ടായിട്ടില്ല, അതും ധനകാര്യവകുപ്പുമന്ത്രിയുടെ പേരിൽ തന്നെയാണ്. ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി പറഞ്ഞതും അങ്ങയെക്കുറിച്ച് തന്നെയാണ്. അപ്പോൾ പണമുണ്ടാക്കാനുള്ള മാർഗ്ഗമെന്താണ്? അതി

LIBRARY ARCHIVES Kerala Legislative Assembly

നുള്ള മാർഗ്ഗം ഇതാണ്. ഒരു കാര്യം വളരെ വ്യക്തമാണ്. ഇതുപോലൊരു ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ഫണ്ടുണ്ടാക്കുന്നതിന് ഞങ്ങൾ എതിരല്ല. ബഹുമാനപ്പെട്ട പി.ജെ. ജോസഫ് ചോദിക്കുന്നത് കേട്ടു, ബാക്കിയുള്ള സംസ്ഥാനങ്ങൾ ഉണ്ടാക്കുന്നുണ്ടല്ലോ എന്ന്. ഉണ്ട്. പല സംസ്ഥാനങ്ങളും ഉണ്ടാക്കുന്നുണ്ട്. ഞങ്ങൾ അതിന് എതിരല്ല. ഞങ്ങൾ അതിന് അനുകൂലമാണ്. പക്ഷെ ഈ സാഹചര്യത്തിൽ ഒരു ഓർഡിനൻസ് കൊണ്ടുവന്നത്, ഈ വർഷം അവസാനിക്കാൻ പോകുന്ന അവസരത്തിൽ ഇതുണ്ടാക്കുന്നത് എന്തിനാണ്? ഖജനാവിൽ പണം നിറഞ്ഞ് നിൽക്കുന്നതുകൊണ്ടാണോ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ ഇവിടെ പറഞ്ഞു എല്ലാ വെൽഫെയർ ഫണ്ടും പണമിടുന്നു, ബാങ്കുകളും പണമിടുന്നുവെന്ന്. ഖജനാവിൽ അദ്ദേഹത്തിന്റെ പണവുമുണ്ട്. ശമ്പളം മാത്രം. ദുരുദ്ദേശത്തോടുകൂടി പറഞ്ഞതല്ല. അങ്ങനെ ഖജനാവിൽ പണം ധാരാളമുണ്ട്. അവിടെയ്ക്കൊന്നും കൂട്ടേണ്ട കാര്യമില്ല. ഈ രാജ്യത്തിലെ ജനങ്ങൾക്കെല്ലാം അറിയാം. ശമ്പളം കൊടുക്കാൻ നിവൃത്തിയില്ലാതെവന്നപ്പോൾ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിനെക്കൊണ്ട് എത്ര പ്രാവശ്യം ഡെപ്പോസിറ്റ് ചെയ്യിപ്പിച്ചു. പണം നിറഞ്ഞുനിൽക്കുന്നതു കൊണ്ടാണോ അങ്ങ് അത് ചെയ്യിച്ചത്? അതുമാത്രമല്ല ഒരുകാര്യം കൂടി അങ്ങ് മനസ്സിലാക്കണം. ഇവിടെ പണം കുന്നുകൂടിയെന്നല്ലേ പറഞ്ഞത് അതിന് അങ്ങ് കൊടുക്കുന്ന ഇന്ററസ്റ്റ് എത്രയാണ്? എസ്.ബി. അക്കൗണ്ടിൽ ട്രഷറിയിൽ നിന്ന് കൊടുക്കുന്ന ഇന്ററസ്റ്റ് 6 ശതമാനമല്ലേ? സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് 15 ശതമാനം. എന്താ കാരണം? ലോൺ അല്ല ഡെപ്പോസിറ്റ് ആണ്. ഇങ്ങനെ 15 ശതമാനം കൊടുക്കുന്നതുകൊണ്ടുള്ള അർത്ഥമെന്താണ്. എന്നിട്ടും തികയുന്നില്ല. ഇവിടെ ways and means-ന് പണമില്ല. അതിന് കണ്ടെത്തിയ വിദ്യയാണിത് എന്നു മാത്രമാണ് എനിക്ക് പറയുവാനുള്ളത്: അതാണ് ഇവിടെ ശ്രീ. കെ.എം. മാണി ചൂണ്ടിക്കാണിച്ചത്. ഞങ്ങൾ ഇതിന് എതിരല്ല. അടിസ്ഥാന സൗകര്യങ്ങൾ വേണം. ബില്ലിന്റെ ഒബ്ജക്ട്സ് ആന്റ് റീസൺസിൽ അദ്ദേഹം പറഞ്ഞിട്ടുണ്ട് ബഡ്ജറ്റിൽ വേണ്ടത്ര പണം വകകൊള്ളിക്കാൻ കഴിയുന്നില്ല എന്ന്. മുൻകാലങ്ങളിൽ കഴിഞ്ഞിരുന്നു. ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിക്കട്ടെ. അങ്ങയുടെ "Budget in Brief 1999-2000 അതിൽ പേജ് 14-ൽ ടേബിൾ 14-ൽ" അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. 1995-96-ൽ നിങ്ങൾ ചെലവിട്ട എമൗണ്ട് ആണ്, എ.ജി.യുടെ ഫിഗറാണ്, ചെലവിട്ടത് 3.57 ശതമാനമായിരുന്നു. ഞങ്ങൾ ഭരിച്ചപ്പോൾ 3.57 ശതമാനം 1996-97-ൽ 2.86 ശതമാനം 1997-98-ൽ 2.21 ശതമാനം. കുറയുകയാണ് ചെയ്തത്. അവസാനത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഇപ്പോൾ 2.08 എന്നുപറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? പി.ഡബ്ലിയു.ഡി.ക്ക് പണം വയ്ക്കുന്നില്ല. പി.ഡബ്ല്യു.ഡി.ക്ക് നമ്മുടെ കാലത്ത് വച്ച പെർസന്റേജ് ഡെവലപ്പ്മെന്റ് എക്സ്പെൻഡീച്ചറിന് നിങ്ങൾ വയ്ക്കുന്നില്ല. ഇറിഗേഷന്റെ സ്ഥിതിയും ഇതാണ്. ഞങ്ങളുടെ ഭരണകാലത്ത് ഇറിഗേഷന് വച്ചത് 4.63 ശതമാനം. അതുകഴിഞ്ഞ് ഇപ്പോൾ 2.27 ശതമാനം. അങ്ങനെ വന്നുവന്ന് അവസാനം ഇപ്പോൾ 3. Something എന്നുപറഞ്ഞാൽ ഇതിന്റെ അർത്ഥം ഇതിനൊന്നും ബഡ്ജറ്റിൽ വേണ്ടത്ര പണം വകയിരുത്തുന്നില്ല. അങ്ങനെ ബഡ്ജറ്റിൽ വേണ്ടത്ര പണം വകയിരുത്താത്തതുകൊണ്ട് ഏതെങ്കിലും രൂപത്തിൽ പണമുണ്ടാക്കണം. അങ്ങനെ പണമുണ്ടാക്കുന്നതിൽ ഞങ്ങൾ എതിരല്ല. ഇതിന്റെ ഡെഫിനിഷൻ ക്ലാസിൽ (എഫ്)-ൽ പറയുന്നുണ്ട്. അതിൽ പറയുന്ന കാര്യങ്ങളെന്തൊക്കെയാണ്? അടിസ്ഥാന സൗകര്യ പദ്ധതികളിൽ വൈദ്യുത ഊർജ്ജം, റോഡുകൾ, ജലസേചനം, തുറമുഖങ്ങൾ, ജലവിതരണം, ഉൾനാടൻ ഗതാഗതം, ഖരമാലിന്യ നിർമ്മാർജ്ജനം, മലിനജലനിർഗ

LIBRARY ARCHIVES Kerala Legislative Assembly

മനം എന്നീ മേഖലകളിൽ ഉപയോഗിക്കാനാണ് ഈ പണം. അത് ആർക്കാണ് കൊടുക്കുന്നത്. ലോക്കൽ ബോഡീസ്, സഹകരണ സംഘങ്ങൾ, പബ്ലിക് സെക്ടർ കമ്പനികൾ, 40 ശതമാനം സർക്കാർ ഷെയറുള്ള ജോയിന്റ് സെക്ടർ കമ്പനികൾ എന്നിവയ്ക്കാണ്. അതായത് ജോയിന്റ് സെക്ടർ കമ്പനികൾ, പബ്ലിക് സെക്ടർ കമ്പനികൾ, 1955-ലെ തിരുവിതാംകൂർ-കൊച്ചി ശാസ്ത്ര സാഹിത്യ ധർമ്മസംഘങ്ങൾ, 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിൻ കീഴിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള സംഘങ്ങൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് കൊടുക്കാനാണ്. പി.ഡബ്ല്യു.ഡി റോഡുണ്ടാക്കാൻ സർക്കാരിന് നൽകില്ല. അതാണ് ഈ ആക്ടിന്റെ സവിശേഷത. ഈ ആക്ടിൽ അതിന് പ്രൊവിഷൻ ഇല്ലയെന്നുള്ളത് സത്യമാണ്. ആക്ടിലെ പ്രൊവിഷൻ ലോക്കൽ ബോഡീസ്, സൊസൈറ്റികൾ, പബ്ലിക് സെക്ടർ കമ്പനികൾ അതുപോലെ ജോയിന്റ് സെക്ടർ കമ്പനികൾ എന്നിവയ്ക്ക് കൊടുക്കാനാണ്. ഞാൻ ഒരു കാര്യം ചോദിക്കട്ടെ സംസ്ഥാന സർക്കാരിന് കടമുണ്ടെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുവാദത്തോടുകൂടിയല്ലാതെ സംസ്ഥാന ഗവൺമെന്റിന് ഇതുപോലുള്ള ബോണ്ടിറക്കാൻ അധികാരമില്ലേ? ബാക്കിയുള്ള സംസ്ഥാനങ്ങൾ ചെയ്യുന്നതുപോലെ ഞാൻ ചെയ്തു. ഞാൻ അങ്ങനെയേ കാണുന്നുള്ളൂ എന്നുപറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? അങ്ങനെ കുറെ പണം കടം വാങ്ങുന്നു. ഈ പണം വാങ്ങിയിട്ട് നിങ്ങൾ എത്ര ചെലവഴിക്കുന്നു. അഞ്ഞൂറ് കോടിയിൽ നാനൂറ്റി ചില്വാനം കോടി ഇപ്പോൾത്തന്നെ ട്രഷറിയിൽ വന്നു. അതാണല്ലോ ഇപ്പോൾ കുറച്ചുകൂടി സൗകര്യമായത്. ways and means- ന് തൽക്കാലം പ്രശ്നമില്ലല്ലോ. ഇതിൽ നിങ്ങൾ എത്ര ചെലവാക്കാൻ പോകുന്നു. എന്താണ് നിങ്ങളുടെ പദ്ധതി. ഇപ്പോൾ അങ്ങ് ചൂണ്ടിക്കാണിച്ച ചക്രവട്ടം പദ്ധതി. അതിനെന്തൊക്കെ വേണം, എന്തൊക്കെ ചെയ്യണം, ഒരു കമ്പനി രജിസ്റ്റർ ചെയ്യാതെ ചക്രവട്ടത്തിന് കൊടുക്കാൻ സാദ്ധ്യമല്ല. അവിടെ ഒരു കമ്പനി രജിസ്റ്റർ ചെയ്യണം, ആ കമ്പനിക്ക് എം.ഡി., ചെയർമാൻ, ഓഫീസ്, ബോർഡ് എന്നിവയൊക്കെ വേണം, ആ കമ്പനിയ്ക്കാണ് ഈ പണം കൊടുക്കുന്നത്. ചക്രവട്ടം പദ്ധതിയുണ്ടാക്കിയോ, ഈ പ്രോജക്ടിൽ പറഞ്ഞ എത്ര കമ്പനിയുണ്ടാക്കി? ആ കമ്പനികളെല്ലാം ഉണ്ടാക്കികഴിഞ്ഞതിനുശേഷം അവർക്ക് പണം കൊടുക്കുമ്പോഴേയ്ക്കും ഈ കൊല്ലം കഴിയും, പിന്നെ ചെലവഴിക്കാൻ പോകുന്നതോ മാക്സിമം ഒരു അമ്പത് കോടി രൂപ ബാക്കി 450 കോടി സർക്കാരിന്റെ ways and means-ൽ പ്പെടുത്താനല്ലേ ഈ വിദ്യ. ഈ വിദ്യയ്ക്കാണ് ഞങ്ങൾ എതിര്. അടുത്ത ആണ്ട് വരുന്നു. അടുത്ത ആണ്ടിൽ വീണ്ടും ബോണ്ട് ഇറക്കുന്നു. 500 കോടി എടുക്കുന്നു. ആ 500 കോടി എപ്പോഴും കയ്യിൽ. നിങ്ങളുടെ ഈ സൂത്രത്തിനാണ് ഞങ്ങൾ എതിര്. നിങ്ങൾ ഈ ബഡ്ജറ്റിൽ എന്താണ് ചെയ്തത്? 15 കൊല്ലത്തേയ്ക്കുള്ള മോട്ടോർ ടാക്സ് ഒന്നിച്ചടയ്ക്കാനുള്ള തീരുമാനമെടുത്തു. എന്നു പറഞ്ഞാൽ നിങ്ങൾ അധികാരത്തിൽനിന്ന് പോകും, ഞങ്ങൾ തിരിച്ചുവരുമെന്നുള്ള കാര്യം നിങ്ങൾക്കും ഞങ്ങൾക്കും ഈ രാജ്യത്തെ എല്ലാപേർക്കും ഉറപ്പാണ്. അങ്ങനെ ഞങ്ങൾ തിരിച്ചു വരുമ്പോൾ സാമ്പത്തികമായി തകരണം. നിങ്ങൾ തുലച്ച ട്രഷറി നന്നാക്കി നിങ്ങളുടെ കയ്യിലേയ്ക്ക് തന്നതാണ്. അത് വീണ്ടും തുലച്ച് ഞങ്ങളുടെ കയ്യിലേയ്ക്ക് ഏൽപ്പിക്കുന്നു. ഇതല്ലേ നിങ്ങളുടെ ഉദ്ദേശം? 500 കോടി രൂപ അങ്ങനെ വന്നു. 1000 കോടി രൂപക്കുവരെ ഗ്യാരന്റി നിൽക്കാൻ ഇതിൽ പ്രൊവിഷൻ ഉണ്ട്. ഇത് ഈ കൊല്ലവും അടുത്ത കൊല്ലവുമായിട്ട് കൊടുക്കും. ഞങ്ങൾ അധികാരത്തിൽ വന്നാൽ ഞങ്ങളുടെ ജോലി കടം തീർക്കലാണ്. 15 കൊല്ലത്തേയ്ക്കുള്ള മോട്ടോർ ടാക്സാണ് കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ ഒന്നിച്ച് പിരിച്ചത്. ഇനി ഞങ്ങൾക്ക് പിരിക്കാൻ സാധിക്കുമോ? ഇതുപോലുള്ള കാര്യങ്ങൾ ചെയ്യുന്നതിനോടാണ് ഞങ്ങൾക്ക് എതിർ. ഈ ബില്ലിൽ ഒരു ബോർഡിനെക്കുറിച്ച് പറയുന്നുണ്ട്. ആ ബോർഡിനോട് എനിക്ക് യാതൊരു എതിർപ്പുമില്ല. ആ ബോർഡിൽ കൊള്ളാവുന്ന ഉദ്യോഗസ്ഥന്മാരാണുള്ളത്. പക്ഷെ അതിൽ രണ്ട് ബാങ്ക് എക്സ്പെർട്ട്സിനെക്കുറിച്ച് പറയുന്നുണ്ട്. എന്തിനാണ് എക്സ്പെർട്ട്സ്? വല്ല മാർക്സിസ്റ്റുകാരേയും കയറ്റാനാണോ? എന്താണ് അതിന്റെ ആവശ്യം. അത്ര വലിയ വർക്കില്ലല്ലോ. ചീഫ് സെക്രട്ടറി, റിസോഴ്സസ് സെക്രട്ടറി, ഫിനാൻസ് സെക്രട്ടറി, റവന്യൂ വകുപ്പു സെക്രട്ടറി തുടങ്ങിയവർ അതൊക്കെ ചെയ്യാൻ വളരെ കെൽപ്പുള്ള, കഴിവുള്ള ആളുകൾ പോരേ? പിന്നെന്തിനാണ് എക്സ്പെർട്ട്സ്? ഇതിലുള്ള ഉദ്യോഗസ്ഥന്മാർ കഴിവില്ലാത്തവരാണെങ്കിൽ, കൊള്ളരുതാത്തവർ ആണെങ്കിൽ നമുക്ക് മനസ്സിലാക്കാമായിരുന്നു. ബോർഡിന് അത്ര വലിയ വർക്കില്ല, ടി.എ. ഇല്ല, ആഫീസ് ഇല്ല, കാറില്ല എന്നൊക്കെ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. പിന്നെ രണ്ട് ബാങ്ക് എക്സ്പെർട്ടിന്റെ ആവശ്യമെന്താണ്? രണ്ട് മാർക്സിസ്റ്റുകാരെ കയറ്റാനല്ലാതെ മറ്റ് ആവശ്യമൊന്നുമില്ല. അല്ലെങ്കിൽ ഇവരെ വിശ്വാസമില്ലാത്തതുകൊണ്ടാണ് രണ്ടിലൊന്ന് തീർച്ചയാണ്. പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച് ഒരു കാര്യം ഞാൻ ചോദിക്കട്ടെ. കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി 'വ്യവസായ പുനരുദ്ധാരണ നിധി ബിൽ' പാസ്സാക്കി. അതിനും ഇതുപോലെ കുറെ ലോണുണ്ട്. ഇൻഡസ്ട്രീസിനെ എന്തിനാണ് നിങ്ങൾ ഇതിൽ കൊണ്ടുവന്നത്? വ്യവസായവകുപ്പിനെ ഏൽപ്പിച്ചാൽ പോരേ? പബ്ലിക്സെക്ടറിനെ നിങ്ങൾ എന്തിനാണ് ഇതിൽ കൊണ്ടുവന്നത്? ഞാൻ ചോദിക്കട്ടെ, കെ.എസ്.ആർ.ടി.സി. സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന ഒരു സ്ഥാപനമാണ്, കെ.എസ്.ആർ.ടി.സി.ക്ക് നിങ്ങൾക്ക് ലോൺ കൊടുക്കാൻ സാധിക്കുമോ? കെ.എസ്.ആർ.ടി.സി.ക്ക് ലോൺ കൊടുക്കാൻ ഇതിൽ വ്യവസ്ഥയുണ്ട്. പക്ഷെ ആ ലോൺ എന്തിന് ഉപയോഗിക്കാൻ പറ്റും? ഇൻഫ്രാസ്ട്രക്ച്ചറിന് ഉപയോഗിക്കാം. റോഡ് ഉണ്ടാക്കാം. ബസ്സ് വാങ്ങിക്കാൻ കഴിയുകയില്ല. ബസ്സ് വാങ്ങാൻ ലോൺ കൊടുക്കാനുള്ള പ്രൊവിഷൻ ഇതിനകത്തില്ല. അവർക്ക് റോഡ് ഉണ്ടാക്കാം. പാലം ഉണ്ടാക്കാം, ശുദ്ധജല പദ്ധതി ഉണ്ടാക്കാം. ജലസേചന സൗകര്യമുണ്ടാക്കാനുമൊക്കെയാണ് പ്രൊവിഷൻ. എന്ത് ഇൻഫ്രാസ്ട്രക്ച്ചറാണ് കെ.എസ്.ആർ.ടി.സി.ക്ക് വേണ്ടത്? വെയ്റ്റിംഗ് ഷെഡ് ആണോ? കേരള സോപ്സ് ആന്റ് ഓയിൽസ് പൊളിഞ്ഞു കിടക്കുകയാണ്. അവർക്ക് കുറച്ച് പണം കൊടുക്കാൻ നിങ്ങൾക്ക് കഴിയുമോ? അതിനെന്തുവേണം? അതിനാണ് വ്യവസായ പുനരുദ്ധാരണ ഫണ്ട്. നിങ്ങൾ അതിൽ ഇതും വകവച്ചിരിക്കുന്നു. എന്തിനാണ് അവിടെ റോഡ് ഉണ്ടാക്കാനോണോ? ആ സ്ഥാപനത്തെ കൊല്ലാനല്ലേ; അതിൽ എന്തിനാണ് അങ്ങ് കൈകടത്തുന്നത്; വ്യവസായവകുപ്പുമന്ത്രിയെ ഏൽപ്പിച്ചാൽ പോരേ? വ്യവസായവകുപ്പുമന്ത്രിയെ ഏൽപ്പിച്ചുകൊണ്ടുള്ള ഒരു നിയമം കഴിഞ്ഞ സഭയിൽ പാസ്സാക്കി. ആ അധികാരംകൂടി അങ്ങയുടെ കയ്യിലേയ്ക്ക് കൊണ്ടുവരണോ? ഇത് ധനകാര്യവകുപ്പിന്റെ കയ്യിലേയ്ക്ക് കൊണ്ടുവരേണ്ട കാര്യമെന്താണ്? വ്യവസായ വകുപ്പുമന്ത്രി ഇതൊന്നും കൈകാര്യം ചെയ്യാൻ കൊള്ളില്ലേ? കഴിവില്ലേ; വിവരമില്ലേ? ഇതൊക്കെ ഓവർലാപ്പിംഗ് ആണ്. കഴിഞ്ഞ സഭയിൽ ഇതേപോലൊരു ബിൽ പാസ്സാക്കി. അതിന് കുറെ പണം ഉണ്ടാക്കി. ഇപ്പോൾ വേറൊരു ബിൽ. ഇതിന്റെയൊക്കെ ഉദ്ദേശം എന്താണ്? നിങ്ങൾ പറയുന്നതുപോലെ ചെയ്യാൻ സാധിക്കുകയില്ല, യാതൊരു സംശയവും അക്കാര്യത്തിൽ നിങ്ങൾക്കുവേണ്ട. ഈ ബില്ലിന്റെ പർപ്പസ് ഒരി

LIBRARY ARCHIVES Kerala Legislative Assembly

ക്കലും ശരിയാകുകയില്ല. അതിലെ ഉദ്യോഗസ്ഥന്മാർ പെൻഷൻ വാങ്ങുമോ എന്നുള്ള കാര്യത്തിൽ എനിക്ക് സംശയമുണ്ട്. ജില്ലാ പഞ്ചായത്തിനും കൊടുക്കണം. പക്ഷെ ജില്ലാ പഞ്ചായത്തിന്റെ വരുമാനം എന്താണ്? ഗവൺമെന്റ് എയ്ഡ് മാത്രമേയുള്ളൂ. അല്ലാതെ ജില്ലാ പഞ്ചായത്തിന് ഒരു പൈസയുടെ വരുമാനം ചുണ്ടിക്കാണിക്കാൻ അങ്ങേയ്ക്ക് സാധിക്കുമോ? ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ച് ജില്ലാ പഞ്ചായത്തിന് പണം കൊടുക്കാം. ഒരു ജില്ലാ പഞ്ചായത്ത് ഒരു സ്കീമിന് പ്രോജക്ട് ഉണ്ടാക്കി കൊടുത്തു, കാശും കൊടുത്തു. പക്ഷെ ജില്ലാ പഞ്ചായത്തിന് തിരിച്ചടയ്ക്കാനുള്ള കപ്പാസിറ്റി എന്താണ്? റീ-പേയിംഗ് കപ്പാസിറ്റി നോക്കാൻ ബില്ലിൽ എന്താണ് വ്യവസ്ഥ? ആർക്കും കൊടുക്കാമെന്നു മാത്രമല്ല, ബില്ലിൽ വേറൊരു വ്യവസ്ഥകൂടി എഴുതിവച്ചിരിക്കുന്നു. ഇത് ബോർഡ് കൊടുത്തില്ലെങ്കിൽ, സർക്കാരിന്റെ ദേശീയ നയം, സർക്കാരിന്റെ സംസ്ഥാന നയം, ആ നയത്തിനനുസരിച്ച് ഡയറക്ഷൻ കൊടുത്താൽ ബോർഡ് പണം കൊടുക്കണം നമ്മളൊക്കെ രാഷ്ട്രീയക്കാരല്ലേ. സമ്മർദ്ദങ്ങൾ വന്നാൽ നിർദ്ദേശങ്ങൾ കൊടുക്കുകയില്ലേ? അങ്ങനെ വന്നാൽ ഉദ്യോഗസ്ഥന്മാർ ശമ്പളം വാങ്ങുമോ? റീ-പേയ്മെന്റ് തിരിച്ചുവാങ്ങേണ്ടത് ആരുടെ ജോലിയാണ്? ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ച് ബോർഡിന്റെ ചുമതലയിൽപ്പെട്ടതാണ്. ഇപ്പോൾ അങ്ങ് പറഞ്ഞല്ലോ ചക്രവട്ടം പദ്ധതി രജിസ്റ്റർ ചെയ്ത് കൊടുക്കുമെന്ന്. ആ ചക്രവട്ടം പദ്ധതിയുടെ റീപേയിംഗ് കപ്പാസിറ്റി എന്താണ്? ബഡ്ജറ്ററി സപ്പോർട്ട് അല്ലാതെ എന്താണ് കപ്പാസിറ്റി? ബഡ്ജറ്ററി സപ്പോർട്ട് പോയി. ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്തു. ഒരു കടലാസ് സംഘടന. ധാരാളം സ്കീം വരും. അതിന്റെ റീപേയിംഗ് കപ്പാസിറ്റി എന്താണ്? ബ്ലോക്ക് പഞ്ചായത്തിന്റെ റീപേയിംഗ് കപ്പാസിറ്റി എന്താണ്? എന്ത് നോക്കിയാണ് കാശ് കൊടുക്കേണ്ടത്? എന്നിട്ട് ഒരു വകുപ്പുകൂടി എഴുതിവച്ചിരിക്കുന്നു. സദുദ്ദേശത്തോടുകൂടിയാണ് ഉദ്യോഗസ്ഥന്മാർ ചെയ്യുന്നതെങ്കിൽ അവരുടെ പേരിൽ വ്യവഹാരം പാടില്ല. അത് നന്നായി. കാരണം ഇങ്ങനെ നിർദ്ദേശം കൊടുത്താൽ അവർ എന്ത് ചെയ്യും? ഇത് അപ്രായോഗികമായ കാര്യങ്ങളാണ്. ഇതിൽ ഒറ്റ കാര്യമേയുള്ളൂ. തൽക്കാലം സർക്കാരിന്റെ ഖജനാവിൽ കുറച്ച് പണം കൊടുണ്ടുവരാനും വേയ്സ് ആന്റ് മീൻസ് പൊസിഷൻ ഭദ്രമാക്കാനും ഉതകുന്ന ബിൽ എന്നു മാറ്റിയാൽ വലിയ അപകടമൊന്നുമില്ല. അതാണ് ഫലത്തിൽ സംഭവിക്കാൻ പോകുന്നത്. 1987-ൽ ധാനകാര്യവകുപ്പുമന്ത്രിയായിരുന്നത് ബഹുമാനപ്പെട്ട വിശ്വനാഥമേനോനാണ്. അങ്ങ് വിദ്യുച്ഛക്തിവകുപ്പു മന്ത്രിയുമായിരുന്നു. അന്നൊരു സ്കീം കൊണ്ടുവന്നു. 'ഭദ്രത സ്കീം' എത്ര കോടി രൂപയാണ് അവസാനം സർക്കാർ കടം വീട്ടേണ്ടിവന്നത്? നിങ്ങൾ ആ സ്കീം അനുസരിച്ച് വാങ്ങിയ പണമൊക്കെ ഉപയോഗിച്ചു. അവസാനം പലിശ സഹിതം തിരിച്ചുകൊടുക്കാൻ വളരെ ബുദ്ധിമുട്ടി. അതിനെക്കാളും വലിയ ഒരു ബാദ്ധ്യത ചുമലിൽ കൊണ്ടുവരാനും തൽക്കലം തടിതപ്പാനുംവേണ്ടി നിങ്ങൾ ഉണ്ടാക്കിയ ഒരു പദ്ധതിയാണിത്. ഞാൻ അതുകൊണ്ട് പറയുകയാണ് ഇവിടത്തെ ഡെവലപ്മെന്റിന് ഫണ്ട് വേണ്ടത്ര വയ്ക്കാൻ കഴിയുന്നില്ല. ഞങ്ങൾക്ക് യാതൊരു വിരോധവുമില്ല. ആ ഫണ്ടിൽ ചില നിബന്ധനകൾ ഒക്കെ വേണം. റീപേയിംഗ് കപ്പാസിറ്റി നോക്കാതെ നൽകാൻ പാടില്ല. ഈ സംസ്ഥാനം തകരും. നിങ്ങൾക്ക് യാതൊരു സംശയവും വേണ്ട. പബ്ലിക് അണ്ടർ ടേക്കിംഗ്സിന് ഒരു ഭാഗത്തുനിന്ന് ഇൻഡസ്ട്രീസ് മിനിസ്റ്റർ കൊടുക്കുന്നു. വ്യവസായ വികസന പുനരുദ്ധാരണ ഫണ്ടിൽ കുറച്ച് പണമുണ്ട്. ആ പണം മെഷിനറി വാങ്ങാനും ബാക്കിയുള്ളതിനും ഇൻഡസ്ട്രീസ് മിനിസ്റ്റർ കൊടുക്കുന്നു. റോഡ് ഉണ്ടാക്കുന്നതിനും കുടിവെള്ളം സപ്ലൈ ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനും കൊടുക്കുന്നു. അവസാനം ആർക്ക് കിട്ടും പണം? പബ്ലിക് അണ്ടർ ടേക്കിംഗ്സ് മുഴുവൻ തുലയ്ക്കുന്ന ഒരു പദ്ധതിയായി ഇത് മാറും. ആ കാര്യത്തിൽ സംശയം വേണ്ട. പബ്ലിക് അണ്ടർ ടേക്കിംഗ്സിന്റെ എക്സ്പാൻഷന്റെ ഫലമായി പ്രൊഡക്ഷൻ കൂട്ടി. അതിന്റെ ഫലമായി ലാഭം ഉണ്ടായി. സമ്പത്ത് ഉൽപ്പാദിപ്പിച്ച് ലാഭം ഉണ്ടാക്കാൻ നൽകുകയാണെങ്കിൽ മനസ്സിലാക്കാൻ സാധിക്കും. ഇത് പബ്ലിക് സെക്ടറിന് നിങ്ങൾ നൽകുന്നത് എന്ത് ഉണ്ടാക്കാനാണ്. ഈ പബ്ലിക് സെക്ടറിനെ കടക്കെണിയിൽ കൊണ്ടുപോകേണ്ട കാര്യമെന്താണ്? അത് ഇൻഡസ്ട്രീസ് മിനിസ്റ്റർക്ക് കൊടുത്തു കൂടേ? അത് ഇതിനകത്ത് കൊണ്ടു വരണമോ? പിന്നെ ചില പോക്കറ്റ് സംഘങ്ങൾ ഉണ്ട്. സഹകരണസ്ഥാപനങ്ങളല്ല. സൊസൈറ്റീസ് ആക്ട് അനുസരിച്ച് അവർ പണം കൊടുക്കുന്നു. എവിടെ നിന്ന് തിരിച്ച് കിട്ടും. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി, ഞാൻ ചോദിക്കട്ടെ. ഈ സംസ്ഥാനത്തിന് ഏറ്റവും വലിയ ഒരു ബാദ്ധ്യതയാണ് ഈ നിയമനിർമ്മാണത്തിൽകൂടി അങ്ങ് ഉണ്ടാക്കി വയ്ക്കുന്നത് എന്നുള്ള കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. അതു കൊണ്ട് റീപേയിംഗ് കപ്പാസിറ്റിയുള്ളവർക്കല്ലാതെ ഒരിക്കലും നൽകാൻ പാടില്ല. ആ റീപേയിംഗ് കപ്പാസിറ്റി നോക്കാനുള്ള വ്യവസ്ഥ ഈ ബില്ലിനകത്ത് ഉണ്ടായിരിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. നാടിന്റെ വികസനത്തിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവരുന്നതാണെങ്കിൽ അത് മനസ്സിലാകും. ശ്രീ. പി.ജെ. ജോസഫ് പൂർണ്ണമായി അവഗണിച്ചത് ഞാനിവിടെ ചൂണ്ടിക്കാണിച്ചു. ശ്രീ. ജോസഫിന് ഇതിൽനിന്നും നയാപൈസ കിട്ടുമോ? കിട്ടാൻ വഴിയില്ലല്ലോ. ഒരു കമ്പനിക്കല്ലേ കൊടുക്കാൻ പറ്റുകയുള്ളൂ. ഓരോ പ്രോജക്ട് ഉണ്ടാക്കി ആ പ്രോജക്ടിന് കൊടുക്കുകയല്ലേ? എന്നിട്ട് ഇങ്ങോട്ട് തരാൻ ആ കമ്പനയ്ക്ക് എന്താണ് വഴി? ഇല്ല. ഇപ്പോൾ അതിന് ബഡ്ജറ്ററി സപ്പോർട്ട്. ഇതല്ലേ നമ്മുടെ സ്ഥിതി? അതുകൊണ്ട് ഞാൻ പറയുന്നു, ഞങ്ങളുടെ മലപ്പുറം ഭാഷയിൽ പറഞ്ഞാൽ യഥാർത്ഥത്തിൽ വാലും തലയുമില്ലാത്ത ഒരു ബില്ലാണ് ഈ ബിൽ എന്നുള്ള കാര്യം മനസ്സിലാക്കണം. ഇതിനു പുറമെ ഒരു നിയമസഭയുടെ അധികാരങ്ങൾ കൈയിൽ എടുത്തിരിക്കുന്ന ഒരു സ്കീം. ഈ പറഞ്ഞ സ്കീമിൽ എന്തൊക്കെ കാര്യങ്ങൾ? ഗവൺമെന്റിനു തോന്നുന്ന കാര്യങ്ങൾ ഒക്കെ സ്കീമിൽ ഉണ്ടാക്കുക. അതു കഴിഞ്ഞാൽ സ്കീമിന് പുറത്ത് നിർദ്ദേശം കൊടുക്കാൻ ഗവൺമെന്റിനാണ് അധികാരം. അതൊന്നും ഒരിക്കലും ശരിയായിട്ടുള്ളതല്ല. അതൊക്കെ ദുരുപയോഗപ്പെടുത്താൻ അങ്ങ് ചെയ്തില്ലെങ്കിൽ മറ്റാർക്കെങ്കിലും ചെയ്യാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കാനും പാടില്ല. ഇതുപോലുള്ള കുറ്റങ്ങളും കുറവുകളുമൊക്കെ നികത്തിക്കൊണ്ടുള്ള ഒരു ബിൽ ഉണ്ടാക്കണം. ഞങ്ങൾ അതിന് എതിരല്ല. ആ ബിൽ സംസ്ഥാനത്തിന് ഒരു ഭാരമായി വരാത്ത രൂപത്തിൽ സംസ്ഥാനത്തിന്റെ ഇൻഫ്രാസ്ട്രക്ച്ചറിൽ കൂടുതൽ ഇൻവെസ്റ്റ്മെന്റ് ഉണ്ടാക്കാനും സംസ്ഥാനത്തിന്റെ വികസനത്തിന് പ്രയോജനപ്പെടുന്ന രൂപത്തിൽ ഈ ബിൽ റീഡ്രാഫ്റ്റ് ചെയ്യണം എന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ടാണ് ഡിസ്അപ്രൂവൽ മോഷൻ ഞാൻ മൂവ് ചെയ്യുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ)

<u>ശ്രീ. കെ.സി. ജോസഫ്</u> : ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച നിരാകരണ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. ഈ ബില്ലിന്റെ അവതരണത്തെ എതിർത്തുകൊണ്ട് പ്രൊഫ.എ.വി. താമരാക്ഷൻ, ഡോ. എം.എ. കുട്ടപ്പൻ എന്നിവർ ഉന്നയിച്ച ചില വാദഗതികൾക്കുള്ള മന്ത്രിയുടെ മറുപടി

LIBRARY ARCHIVES Kerala Legislative Assembly

ആ സംശയങ്ങൾ ദൂരീകരിക്കുന്നതിനുപകരം സംശയങ്ങൾ വർദ്ധിപ്പിക്കുകയാണ് ചെയ്തത്. അദ്ദേഹം അറിഞ്ഞോ അറിയാതെയോ പറയുകയുണ്ടായി ഭരണഘടനയിലെ ആർട്ടിക്കിൾ 293 അനുസരിച്ച് സംസ്ഥാന ഗവൺമെന്റിന് കടം വാങ്ങണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങണം എന്ന്. അത് മറികടക്കാനുള്ള ഒരു നിയമമാണ് ഇന്ന് ഈ സഭയിൽ ചർച്ച ചെയ്യാൻ പോകുന്നത്. ഇത് എല്ലാ രീതിയിലും fraud under the Constitution ആണ്. അതിന് ഗവൺമെന്റ് ഈ സഭയെ കരുവാക്കുന്നത് വളരെയധികം നിർഭാഗ്യകരമാണ്. കടംവാങ്ങാൻ വ്യവസ്ഥാപിതമായ വേറെ മാർഗ്ഗമൊന്നുമില്ലേ? സംസ്ഥാന ഗവൺമെന്റിന് വിഭവസമാഹരണത്തിന് എന്തെല്ലാം മാർഗ്ഗങ്ങളുണ്ട്. എന്തുകൊണ്ട് ആ മാർഗ്ഗം സ്വീകരിക്കുന്നില്ല. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പണം കടം വാങ്ങാൻ പല വ്യവസ്ഥകളും ഇപ്പോൾ തന്നെ നിലവിലുണ്ട്. നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ ഡിപ്പാർട്ടുമെന്റുകൾ പണം കടം വാങ്ങുന്നില്ലേ? പി.ഡബ്ല്യു.ഡി. വകുപ്പ് നബാർഡിന്റെ സഹായം വാങ്ങുന്നില്ലേ? അതുപോലെ ഹൗസിംഗ് ബോർഡും മറ്റു ഡിപ്പാർട്ടുമെന്റുകളും വാട്ടർ സപ്ലൈ സ്കീമിനുവേണ്ടി എൽ.ഐ.സി.യുടെ സഹായം വാങ്ങുന്നില്ലേ? അങ്ങനെയുള്ള സാഹചര്യങ്ങൾ ഉണ്ടായിരിക്കേ അതിനെയും മറികടന്നുകൊണ്ട് ഇവിടെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ചൂണ്ടിക്കാണിച്ചതുപോലെ സംസ്ഥാന ഗവൺമെന്റിന്റെ ചെലവുകൾക്കുവേണ്ടി പണം കണ്ടെത്താനുള്ള ഒരു നിഗൂഢ മാർഗ്ഗമാണ് ഇന്ന് ചർച്ച ചെയ്യുന്ന ഈ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബിൽ. സംസ്ഥാന ഖജനാവിന്റെ മേൽ അധിക സാമ്പത്തിക ബാദ്ധ്യത അടിച്ചേൽപ്പിക്കാനുള്ള ശ്രമമാണിത്. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ സംസ്ഥാന ഗവൺമെന്റിന് വാർഷിക ബഡ്ജറ്റിൽ നികുതി-നികുതിയേതര മാർഗ്ഗങ്ങൾ കണ്ടെത്താൻ സാധിക്കും. പക്ഷേ അതിന് ശ്രമിക്കാതെ ഒരു സാമ്പത്തിക വർഷത്തിന്റെ അവസാനം ആകുമ്പോഴേയ്ക്കും പിൻഭാഗത്തിലൂടെ പണം സമാഹരിച്ചുകൊണ്ടു സാമ്പത്തികമായ വലിയ ഒരു കടക്കെണിയിൽ നിന്നും കടന്നു പോകാനുള്ള താൽക്കാലികമായ ഒരു മുട്ടുശാന്തിയാണ് ഈ ബിൽ. മന്ത്രി ഇവിടെ പറയുകയുണ്ടായി ഇത് ചില പദ്ധതികൾക്കുവേണ്ടിയുള്ള ധനസമാഹരണമാണെന്ന് എന്തെങ്കിലും ഒരു പദ്ധതി ഇവിടെ അവതരിപ്പിക്കണ്ടേ? പദ്ധതിക്കുവേണ്ടിയാണെങ്കിൽ എന്തെല്ലാം മാർഗ്ഗങ്ങളുണ്ട്? വാട്ടർ അതോറിറ്റിക്കാണെങ്കിലും ഹൗസിംഗ് ബോർഡിനാണെങ്കിലും പി.ഡബ്ല്യു.ഡി. ക്ക് ആണെങ്കിലും പണം വാങ്ങാൻ സൗകര്യങ്ങളില്ലേ? ധനകാര്യ സ്ഥാപനങ്ങൾ നൽകാൻ സർക്കാർ തയ്യാറല്ലേ? പി.ഡബ്ല്യു.ഡി.ക്ക് വേണമെങ്കിൽ നബാർഡ് പണം കൊടുക്കും. വാട്ടർ അതോറിറ്റിക്ക് എൽ.ഐ.സിയും ലോകബാങ്കും സഹായം കൊടുക്കും. ആ സാഹചര്യം ഉപയോഗപ്പെടത്താതെ എന്തിനുവേണ്ടിയാണ് പുതിയ ഒരു നിധി രൂപീകരിച്ച് മുന്നോട്ടു വരുന്നത്? ഞങ്ങളുടെ സംശയങ്ങൾ പൂർണ്ണമായും ശരിയാണ്. ഇത് സംസ്ഥാന ഗവൺമെന്റിന്റെ നിത്യനിദാന ചെലവുകൾക്കുവേണ്ടിയുള്ള ഒരു പിൻവാതിൽ ശ്രമമാണ്. ഭരണഘടനയെ പോലും മറികടക്കാൻ ശ്രമിക്കുന്നത്, ഭരണ ഘടനാനുസൃതമായി സർക്കാർ പണം വാങ്ങണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം വേണം. അനുവാദത്തിന് പോകാതെ മറ്റൊരു രൂപത്തിൽ ഒരു പ്രത്യേകമായ സമ്പ്രദായമുണ്ടാക്കി അടിസ്ഥാന സൗകര്യനിക്ഷേപ നിധി എന്ന പേരിൽ ഒരു നിധിയുണ്ടാക്കി പണം വാങ്ങാൻ പോകുന്നു. ഇത് എല്ലാ തരത്തിലും, this is a clear cut fraud under the Constitution. സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതി ചെലവിനെക്കുറിച്ച് ഇന്ന് സഭയിൽ നൽകിയ ഉത്തരം ഞാൻ കേൾക്കുകയുണ്ടായി. ശ്രീ. പി.പി. തങ്ക

LIBRARY ARCHIVES Kerala Legislative Assembly

ച്ചൻ, ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. വി. ബാലറാം എന്നിവർക്കുള്ള മുഖ്യമന്ത്രിയുടെ മറുപടിയാണ്. സംസ്ഥാന പദ്ധതിയിലൂടെ 1999-2000-മാണ്ടിലേക്കുള്ള അടങ്കൽ എത്രയാണ്? 3250 കോടി രൂപ. ഇതിൽ 1999 സെപ്റ്റംബർ മാസം 30 വരെ എന്തു തുക ചെലവഴിച്ചു? ഉത്തരം 877 കോടി രൂപ. അതായത് അടങ്കലിന്റെ 27%, ആറു മാസം പിന്നിട്ടപ്പോൾ ഈ ഗവൺമെന്റിന്റെ പദ്ധതി ചെലവ് 27%. നിങ്ങൾ പദ്ധതിയിനത്തിൽ ചെലവഴിക്കേണ്ട പണം ചോദിക്കുന്നത് അർത്ഥശൂന്യമല്ലേ? ഈ നിയമസഭ പാസ്സാക്കിയ ബഡ്ജറ്റ് അനുസരിച്ച് പണം ചെലവഴിക്കാൻ കഴിയാത്ത ഗവൺമെന്റ് ഇപ്പോൾ പണമില്ലെന്ന് പറഞ്ഞുകൊണ്ട് പുതിയ മാർഗ്ഗങ്ങൾ തേടുന്നു. അത് എല്ലാ സാമ്പത്തികമായ നടപടി ക്രമങ്ങൾക്കും അച്ചടക്കത്തിനും എതിരായ കാര്യമല്ലേ? നേരത്തെ ശ്രീ. ആര്യാടൻ മുഹമ്മദ് ചൂണ്ടിക്കാണിച്ചപ്പോൾ ഇത് പദ്ധതിക്കു വേണ്ടി മാത്രമാണെന്ന് അങ്ങ് ഇവിടെ പറയുകയുണ്ടായി. എന്താണ് പദ്ധതി. Preamble-ൽ പറയുന്നത് സംസ്ഥാനത്ത് അടിസ്ഥാന സൗകര്യപദ്ധതിയിൽ പണം മുടക്കാൻ വേണ്ടിയാണെന്നാണ് ഇവിടെ പേജ് 2 (കെ) വകുപ്പിൽ പറയുന്നത് 'പദ്ധതി' എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ പദ്ധതി എന്നർത്ഥമാകുന്നു. എന്താണ് പദ്ധതി, ഈ നിയമത്തിന്റെ മലയാള ബില്ലിന്റെ 10-ാം പേജിൽ 21-ാം ക്ലാസ്

പദ്ധതി രൂപഭേദപ്പെടുത്തൽ-(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി, പിൽക്കാല പ്രാബല്യത്തോടുകൂടിയോ, മുൻകാല പ്രാബല്യത്തോടുകൂടിയോ പദ്ധതിയിൽ കൂട്ടിച്ചേർക്കുകയോ, ഭേദഗതി വരുത്തുകയോ, വ്യതിയാനം വരുത്തുകയോ ചെയ്യാവുന്നാണ്. അപ്പോൾ അങ്ങ് പറയുന്ന പദ്ധതി സംസ്ഥാന ഗവൺമെന്റിന് ഏതുസമയത്തും with prospective effect or retrospective effect മാറ്റം വരുത്താവുന്ന പദ്ധതിയല്ലേ? അതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് മാറ്റം വരുത്താൻ കഴിയുന്ന പദ്ധതികൾ, ആ പദ്ധതികൾക്കുവേണ്ടി അങ്ങ് പണം ചോദിക്കുന്നതുതന്നെ, സത്യത്തിൽ ഇത് ഒരു താത്ക്കാലികമായ നടപടി മാത്രമാണ്. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ 'ഭദ്രത' പദ്ധതിയുണ്ടാക്കി, ഭദ്രത ഈ ഖജനാവിനുണ്ടാക്കിയ സാമ്പത്തിക ബാദ്ധ്യത അങ്ങയുടെ ഗവൺമെന്റ് വരുത്തിവച്ചതല്ലേ? അതിന് മറ്റൊരു മാർഗ്ഗം സ്വീകരിക്കുകയല്ലേ അതുകൊണ്ട് ദയവായി അങ്ങ് കാര്യങ്ങൾ തുറന്നുപറയണം. ഭരണഘടനയെ മറികടക്കാനുള്ള ശ്രമങ്ങൾ, അതിന് അങ്ങ് ഈ സഭയെ കരുവാക്കരുത്. സാധാരണ ഗതിയിൽ ചില തറവാടുകളിൽ നിന്ന് തായ്വേരുപോലും കുളം തോണ്ടിപ്പോകുന്ന സമ്പ്രദായം ഉണ്ടല്ലോ, നിങ്ങൾ ഈ ഗവൺമെന്റിന്റെ അവസാന കാലമാകുമ്പോൾ ഈ സംസ്ഥാനത്തിന്റെ മുഴുവൻ തായ്വേരും കുളം തോണ്ടുന്ന നടപടി സ്വീകരിച്ചിരിക്കുകയാണ്. ഒരു മാസം മുമ്പ് ഖജനാവ് പൂട്ടാൻ നിങ്ങൾ തയ്യാറായില്ലേ? ആ സാഹചര്യം ഉണ്ടായല്ലോ. സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി പണം കണ്ടെത്താനാവാതെ സംസ്ഥാനം നേരിടുന്ന സാമ്പത്തിക തകർച്ചയിൽ നിന്ന് തൽക്കാലം കടന്നുപോകാനുള്ള ഒരു മുട്ടുശ്ശാന്തിയാണ് ഈ ബിൽ. ആത്മാർത്ഥതയുണ്ടെങ്കിൽ അങ്ങ് ഈ നാടിന്റെ വികസനത്തിനുവേണ്ടി ഈ ബില്ലിൽ പറയുന്നതുപോലെ അടിസ്ഥാന സൗകര്യ പദ്ധതികളിൽ വൈദ്യുതോർജ്ജം, റോഡുകൾ, ജലസേചനം, തുറമുഖങ്ങൾ, ജലവിതരണം അതിനൊക്കെ വേണ്ടിയാണെങ്കിൽ പദ്ധതി വേണ്ട, പദ്ധതി ഇല്ലാതെ പണം കിട്ടാൻ മറ്റ് മാർഗ്ഗമില്ലേ? അപ്പോൾ പദ്ധതികൾ ഇല്ലാതെ, ഒരു പരിപാടി ഇല്ലാതെ സംസ്ഥാനത്തെ ജനങ്ങളെ കബളിപ്പിച്ചുകൊണ്ടുള്ള ഈ ബിൽ ഈ സഭയോടുള്ള, ഭരണഘടനയോടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ശക്തമായ അവഹേളനമായതുകൊണ്ട് ആ ഓർഡിനൻസ് നിരാകരിക്കണമെന്നുള്ള പ്രമേയം ഞങ്ങൾ വീണ്ടും ശക്തമായി ഇവിടെ ഉന്നയിക്കുകയാണ്.

<u>ശ്രീ. പി. രാഘവൻ</u> : സർ, 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.12.1999 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടിയാണ് ഗവൺമെന്റ് ഇങ്ങനെയൊരു ഫണ്ട് രൂപീകരിക്കുന്നതിനുവേണ്ടി തീരുമാനിച്ചത്. 9-ാം പഞ്ചവൽസര പദ്ധതിക്കുവേണ്ടി 16,000 കോടി ഉറുപ്പികയുടെ പദ്ധതിയാണ് ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത്. 9-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് 7 ശതമാനം സാമ്പത്തിക വളർച്ചാ നിരക്കാണ് ഗവൺമെന്റ് ലക്ഷ്യമിട്ടിരുന്നത്. ഇന്നത്തെ നമ്മുടെ സാമ്പത്തിക സ്ഥിതി വച്ചുകൊണ്ട് ഈ പദ്ധതികൾ എല്ലാം പൂർത്തീകരിക്കാൻ ബഡ്ജറ്റിൽ സാധാരണ ഗതിയിൽ വകയിരുത്തുന്ന തുകകൊണ്ടു മാത്രം സാദ്ധ്യമല്ല എന്നുള്ളത് നമുക്ക് അറിയാവുന്നതാണ്. അതുകൊണ്ടാണ് ഗവൺമെന്റ് വൈദ്യുതി, റോഡ്, തുറമുഖം, ജലസേചനം, കുടിവെള്ളം, ഉൾനാടൻ ജലഗതാഗതം തുടങ്ങിയ പദ്ധതികൾക്കുവേണ്ടി ഇത്തരത്തിലുള്ള ഒരു നിധി രൂപീകരിക്കാൻ തീരുമാനിച്ചത്. അതിൽ ആദ്യത്തെ ഭാഗമായിട്ടു തന്നെ എനിക്ക് പറയാനുള്ളത് ഇതിൽ ഈ നിശ്ചിത പദ്ധതികൾ എന്ന നിലയിൽതന്നെ പറയാതെ മറ്റു പദ്ധതികൾക്കും ഈ ഫണ്ട് ഉപയോഗിക്കാവുന്നതാണ് എന്ന നിലയിൽ ഇതിനെ ഭേദഗതിപ്പെടുത്തണം എന്ന ഒരു അഭിപ്രായമാണ്. അത് ഞാൻ പറയാൻ കാരണം വിമാനത്താവളം പോലെയുള്ള വലിയ പദ്ധതികൾക്ക് നമ്മുടെ സംസ്ഥാനത്തിനകത്ത് ഫണ്ട് ഇല്ലാതെ ബുദ്ധിമുട്ടുന്ന ഒരു സ്ഥിതി ഉണ്ടാകാൻ പാടില്ല. വിമാനത്താവളം അടക്കമുള്ള പദ്ധതികൾക്കുവേണ്ടി ഈ ഫണ്ട് ഉപയോഗിക്കാവുന്ന രീതിയിൽ ഇതിൽ ആവശ്യമായ മാറ്റം വരുത്തണം എന്നാണ് ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ തന്നെ തലയും വാലുമില്ലാത്ത വാദമാണ് ഉന്നയിച്ചത്. ചിലർ ബില്ലിനെ അനുകൂലിക്കുന്നു എന്നു പറയുകയും, ചില മെമ്പർമാർ ബില്ലിനെ ശക്തമായി എതിർക്കുന്നു എന്ന് പറയുകയും ചെയ്യുന്നു. ശ്രീ. കെ. സി. ജോസഫ് എതിർക്കുകയാണ് ചെയ്തത്. അതുപോലെ ശ്രീ. ആര്യാടൻ മുഹമ്മദ് ബില്ലിനെ അനുകൂലിക്കുകയാണ് ചെയ്തത്. ബില്ലിനെ തന്നെ എതിർക്കുന്ന തലയും വാലുമില്ലാത്ത ഒരു വാദമാണ് നിങ്ങൾ ഉന്നയിച്ചത്. ഗുജറാത്ത്, വെസ്റ്റ് ബംഗാൾ, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ ഇതുപോലുള്ള നിധി രൂപീകരിച്ചു കഴിഞ്ഞിരിക്കുകയാണ്. അവർ ആയിരക്കണക്കിന് കോടി ഉറുപ്പിക സ്വരൂപിച്ചുകൊണ്ട് ആ സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി ചെലവഴിക്കുന്നുണ്ട്. അവിടെയൊന്നും നിങ്ങൾ എതിർത്തില്ലല്ലോ. ഇന്ത്യാ രാജ്യത്ത് ഇത് ആദ്യമായിട്ടൊന്നുമല്ല. മറ്റൊന്ന് നിങ്ങൾ പറയുന്നത് ഇത് കേരളാ ഗവൺമെന്റിന്റെ ഖജനാവിനെ ശക്തിപ്പെടുത്താനുള്ള ഒരു മുട്ടുശ്ശാന്തിയാണ് എന്നാണ്. കക്കാനുള്ളതല്ലല്ലോ, ആ കാര്യത്തിൽ നിങ്ങൾക്ക് തർക്കമില്ലല്ലോ? ഈ ഖജനാവ് ശക്തമാക്കിയാൽ നിങ്ങൾക്കെന്താ ബുദ്ധിമുട്ട്. കേരളത്തിന്റെ വികസനത്തിനുവേണ്ടി കാശ് വേണ്ടേ? കേരളത്തിന്റെ ഖജനാവിൽ കുറേ കാശ് ഉണ്ടാക്കാൻ വേണ്ടിയുള്ള ഒരു ബുദ്ധിയാണ് ബഹുമാനപ്പെട്ട ശിവദാസമേനോൻ ഉപയോഗിച്ചിരിക്കുന്നത്. ഖജനാവിൽ കാശ് വരട്ടെ ഖജനാവിൽ കാശ് വന്നാൽ നിങ്ങൾക്കും ഉപയോഗിക്കാമല്ലോ. അത് കെണിയല്ല, അത് ശരിയായിട്ടുള്ള പണി തന്നെയാണ്. അതിൽ യാതൊരു തർക്കവുമില്ല. നിങ്ങൾ പറയുന്ന മാതിരി ഒരു കുബുദ്ധിയും അതിനകത്തില്ല. ശ്രീ. ഹർഷത്ത് മേത്തയെ ഒന്നും സഹായിക്കാനല്ലല്ലോ, നമ്മുടെ കേരളത്തെ

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കാനല്ലേ? പിന്നെ അതിനെ ഇങ്ങനെ എതിർക്കേണ്ട പ്രശ്നമെന്താ? ഇത് കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കുമോ എന്നല്ലേ സംശയം. ബഹുമാനപ്പെട്ട ആര്യാടന് വേവലാതി, അടുത്ത പ്രാവശ്യം ഞങ്ങൾ വന്നുപോകുമോ എന്നാണ്. അങ്ങനെ പേടിക്കേണ്ടല്ലോ. കേരളത്തിന്റെ സ്ഥിതി നിങ്ങൾ പറയുമ്പോൾ ഇന്ത്യാ രാജ്യത്തിലുള്ള തറവാട് കുളംതോണ്ടിയ ഒരു പാർട്ടിക്ക് കേരളത്തിൽ അധികാരത്തിൽ വരുമെന്ന് സ്വപ്നം കാണാൻ പറ്റുമോ? നിങ്ങൾക്ക് സ്വപ്നം കാണാൻ വകുപ്പുണ്ട്, ഇല്ല എന്ന് ഞാൻ പറയുന്നില്ല. ഇന്ത്യാ രാജ്യത്തിനകത്ത് കഴിഞ്ഞ പ്രാവശ്യം കിട്ടിയ 140 സീറ്റുപോലും വാങ്ങാൻ പറ്റാത്ത നിങ്ങൾ ഈ തറവാട് കുളം തോണ്ടിയിട്ട് ഇവിടെവന്ന് പറയുകയാണ് ഞങ്ങൾ അടുത്ത പ്രാവശ്യം ഭരിക്കും ഈ കടത്തിന്റെയെല്ലാം പലിശ ഞങ്ങൾ കൊടുക്കണ്ട എന്ന്. ഏതായാലും കോൺഗ്രസ്സുകാർക്ക് കൊടുക്കേണ്ടിവരില്ല, ആ കാര്യത്തിൽ സംശയമില്ല.. നിങ്ങൾ സ്വന്തമായി വാങ്ങിയ കടത്തിന്റെ പലിശയെങ്കിലും തിരിച്ചുകൊടുത്താൽ മതി. ഈ ഖജനാവിന്റെ കടം ഏതായാലും നിങ്ങൾ തിരിച്ചു കൊടുക്കേണ്ടി വരില്ല എന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് അതിനെപ്പറ്റി ശ്രീ. ആര്യാടന് വേവലാതി വേണ്ട. ഈ പദ്ധതികൾ തയ്യാറാക്കുമ്പോൾ തന്നെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഓരോ ഘട്ടത്തിലും ഇതിന്റെ മോണിട്ടറിംഗിന് ആവശ്യമായിട്ടുള്ള ഒരു സംവിധാനം കൂടി ഇതിനകത്തു വേണം. പ്രധാനമായും കേരളത്തെപ്പോലൊരു സംസ്ഥാനത്ത് ജലസേചന പദ്ധതികളൊക്കെ നടപ്പിലാക്കിയിട്ടുള്ള കഥ നമുക്കറിയാം. ഒന്നാം പഞ്ചവൽസര പദ്ധതിയിൽ ആരംഭിച്ച ജലസേചന പദ്ധതികൾ ഇപ്പോഴും തുടരുകയാണ്. 13 കോടി ഉറുപ്പികയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 600 മുതൽ 1000 കോടി ഉറുപ്പിക വരെ ചെലവഴിച്ചിട്ടും ഇപ്പോഴും പൂർത്തിയാക്കാൻ സാധിക്കാത്ത പദ്ധതികളുണ്ട്, കാലതാമസം നേരിടുന്നു. അത് ഒരിക്കലും ഉണ്ടാകാത്ത രീതിയിൽ അതാതു കൊല്ലം ഇതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താൻ ആവശ്യമായിട്ടുള്ള പദ്ധതികൾ ഉണ്ടാകണം. നമ്മുടെ ബഹുമാനപ്പെട്ട ഒരു മെമ്പർ ഒരു കേസ്സിൽപ്പെട്ട് കിടക്കുകയാണ്. കുരിയാർകുറ്റി-കാരപ്പാറ പോലുള്ള പദ്ധതികൾ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ വേണം. അവസാനം മന്ത്രി തന്നെ കേസ്സിൽപ്പെടുക, ശിക്ഷിക്കപ്പെടുക ഇതെല്ലാം ഉണ്ടാകുന്ന ഒരു സ്ഥിതിവിശേഷം കേരളത്തിൽ ഉണ്ടായതുകൊണ്ടാണല്ലോ നിങ്ങൾ ഇതിനെ എതിർക്കുന്നത്. പലർക്കും പെൻഷൻ കിട്ടിയില്ല എന്നൊക്കെ പറയുന്നത് പഴയ ഒരു അനുഭവം വച്ചുകൊണ്ടാണ്. ഞങ്ങളുടെ മന്ത്രിസഭയിലെ ഇന്ന മന്ത്രി ജലസേചനപദ്ധതി നടപ്പിലാക്കിയപ്പോൾ കോടിക്കണക്കിന് ഉറുപ്പിക കട്ടുപോയിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾക്കും അങ്ങനെ ഒരു ഗതികേട് ഉണ്ടാകരുത് എന്ന ഒരു മനസ്സോടുകൂടി തന്നെയാണ് അത് പറഞ്ഞത്, ഞങ്ങൾ അത് അംഗീകരിക്കുന്നു. ഞങ്ങളുടെ ഭാഗത്തുനിന്നും ഏതായാലും ഉണ്ടാകില്ല. ഭാവിയിലെങ്കിലും ഇല്ലാതിരിക്കുന്നതിനുവേണ്ടി ഈ മോണിട്ടറിംഗ് സമ്പ്രദായം ഏതു പദ്ധതിയെ സംബന്ധിച്ചും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ നമുക്ക് കഴിയണം. സഹകരണപ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയെന്നു പറയുമ്പോൾ ക്രെഡിറ്റ് റേഷ്യോയുടെ സ്ഥിതി തന്നെ പറയാം. കേരളത്തിനകത്തു നിക്ഷേപിക്കേണ്ട കോടിക്കണക്കിന് ഉറുപ്പിക മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് പോകുകയാണ്. നമ്മുടെ സംസ്ഥാനത്തിന് അകത്തു തന്നെ ലഭിക്കാൻ ആവശ്യമായിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണം. അതുപോലെതന്നെ നമ്മുടെ ട്രഷറികളെ ശക്തിപ്പെടുത്താൻ സാധിച്ചാൽ പുറമേ

LIBRARY ARCHIVES Kerala Legislative Assembly

യുള്ള മറ്റു ബാങ്കുകളിലേയ്ക്ക് പോകുന്ന നിക്ഷേപങ്ങൾ ട്രഷറികൾക്കു തന്നെ ആകർഷിക്കാൻ സാധിക്കും. നമ്മുടെ ട്രഷറികളെ കമ്പ്യൂട്ടർവൽക്കരിച്ചുകൊണ്ട് കേരളത്തിന്റെ എല്ലാ പ്രദേശങ്ങളിലും അതിന്റെ പ്രവർത്തനം ശക്തമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇന്ന് പെൻഷൻ വാങ്ങാൻ പോകുന്നവരും, നിക്ഷേപിക്കാൻ പോകുന്നവരും ഒരേ ക്യൂവിലാണ്. പെൻഷൻ വാങ്ങാൻ പോകുന്നവരുടെ പിന്നിൽ നിക്ഷേപകർ കാത്തു നിൽക്കുന്നു. മറ്റ് ബാങ്കുകളിൽ ലഭിക്കുന്ന സൗകര്യങ്ങൾ അവർക്ക് കിട്ടുന്നില്ല. അതുകൊണ്ട് നിക്ഷേപകരെ ആകർഷിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാകണം. ട്രഷറിയ്ക്കകത്തു തന്നെ ബാങ്കിംഗ് സിസ്റ്റം സെപ്പറേറ്റ് ചെയ്യാനുള്ള സംവിധാനമുണ്ടാകണം. അങ്ങനെയാണെങ്കിൽ മറ്റു സംസ്ഥാനങ്ങളിലെ ബാങ്കുകളിൽ പോകുന്ന നിക്ഷേപങ്ങൾ മുഴുവനും നമ്മുടെ ട്രഷറികളിൽ നിക്ഷേപിക്കാൻ സാധിക്കും. അങ്ങനെയാണെങ്കിൽ കേരളത്തിന് ആവശ്യമായ കാശ് ഈ നിലയിൽ ഉണ്ടാക്കാൻ സാധിക്കും എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ വികസന പ്രവർത്തനങ്ങളോടുള്ള നമ്മുടെ ബാങ്കിന്റെ സമീപനത്തിൽ മാറ്റം വരുത്താൻ സാധിക്കണം. ജനകീയാസൂത്രണ പ്രസ്ഥാനത്തോട് നമ്മുടെ ബാങ്കുകൾക്ക് നിഷേധാത്മകമായ സമീപനമാണ് ഉള്ളത്. അവർ കാശ് കൊടുക്കാൻ തയ്യാറാകുന്നില്ല. ബഹുമാനപ്പെട്ട ആര്യാടൻ പറഞ്ഞതുപോലെ തിരിച്ച് എങ്ങനെ കിട്ടുമെന്നതിനെക്കുറിച്ചാണ് ആശങ്ക. തിരിച്ച് കിട്ടാൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം. റീപേയ്മെന്റ് കപ്പാസിറ്റി ഉണ്ടാക്കാൻ സാധിക്കുന്ന പ്രോജക്ടുകൾ ഉണ്ട്. ഇപ്പോൾ കേരളത്തിലെ റൂറൽ ഡെവലപ്മെന്റ് ബോർഡുകൾ പഞ്ചായത്തുകൾക്ക് കാശ് കൊടുക്കുന്നില്ല, അവർ ഷോപ്പിംഗ് കോംപ്ലക്സുകൾ, അതുപോലുള്ള കാര്യങ്ങൾ ഉണ്ടാക്കുന്നുണ്ടല്ലോ. റീപേയിംഗ് കപ്പാസിറ്റിയുള്ള പദ്ധതികൾക്ക് കൊടുത്താൽ മതി. ധാരാളം ചെറിയ വ്യവസായങ്ങൾ തുടങ്ങാൻ സാധിക്കും, അതുപോലെതന്നെ നിരവധി പദ്ധതികൾ കേരളത്തിലെ ജനകീയാസൂത്രണത്തിന്റെ ഭാഗമായിട്ട് ഉണ്ടാക്കാൻ സാധിക്കും. എന്നാൽ ബാങ്കുകൾ ഈ പദ്ധതികളെ സഹായിക്കുന്ന സ്ഥിതിവിശേഷമല്ല ഇപ്പോഴുള്ളത്. അതുകൊണ്ട് നമ്മുടെ ഗ്രാമങ്ങളേയും പട്ടണങ്ങളേയും സഹായിക്കുന്ന രീതിയിലുള്ള ഒരു മാനസികാവസ്ഥ ഉണ്ടായാൽ ഈ വികസന പ്രവർത്തനത്തിൽ ഒരുപാട് മാറ്റങ്ങളുണ്ടാക്കാൻ സാധിക്കും. അതിന് സഹായിക്കുന്ന നിലയിലുള്ള ഏർപ്പാടുകൾ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് ഇവിടെ ഒരുപാട് വാദങ്ങളാണ് നടക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കാൻ നമുക്ക് ഫണ്ടില്ലാ എന്നുള്ളത് ഒരു വസ്തുതയാണ്. അതുകൊണ്ടുതന്നെ പല പൊതുമേഖലാ സ്ഥാപനങ്ങളും അവർക്ക് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാതെ വരുന്നു. തീർച്ചയായിട്ടും ഈ ഫണ്ട്, അഞ്ഞൂറ് കോടി ഉറുപ്പികയുടെ ഗ്രാന്റും, ആയിരം കോടി ഉറുപ്പികയുടെ ഗ്യാരന്റിയും എന്നു പറഞ്ഞാൽ ആയിരത്തി അഞ്ഞൂറ് കോടി ഉറുപ്പികയേ കിട്ടുകയുള്ളൂ. അതിൽ നിന്ന് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കാൻ ആവശ്യമായ തുക വിനിയോഗിക്കണം. ബഹുമാന്യനായ ആര്യാടൻ മുഹമ്മദ് പൊതുമേഖലാ സ്ഥാപനങ്ങളുടെ തകർച്ചയെ സംബന്ധിച്ചാണ് വേവലാതി കൊണ്ടത്. കോൺഗ്രസിന്റെ ഈ നില കാണുമ്പോൾ സഹതാപം തോന്നുകയാണ്. നിങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുകൂലമാണോ, പൊതുമേഖലാ സ്ഥാപനങ്ങളോട് ബി.ജെ.പി. ഗവൺമെന്റ് തുടരുന്ന അതേ നയമല്ലേ നിങ്ങളും തുടരുന്നത്. നെഹ്റുവിന്റെയും ഇന്ദിരാഗാന്ധിയുടേയും അതേ നയമാണോ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളും തുടരുന്നത്? ഇൻഡ്യാരാജ്യത്ത് 63 കോടി ഉറുപ്പിക ഓരോ കൊല്ലവും ബിസിനസ് നടത്തുന്ന ഇൻഡ്യയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനത്തെ ബി.ജെ.പി.ക്ക് ശക്തി പകർന്നുകൊടുത്തുകൊണ്ട് നിങ്ങൾ തകർത്തില്ലേ? എന്നിട്ട് പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച് കേരളത്തിൽ വന്ന് പ്രസംഗിക്കുകയാണ്. നിങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ മുഴുവൻ കടയ്ക്കൽ കത്തിവച്ച് ഇൻഡ്യാരാജ്യത്തെ മുഴുവൻ കുത്തുപാള എടുപ്പിച്ചു. ബി.ജെ.പി.യുമായി രാഷ്ട്രീയമായി യോജിച്ചു, നിങ്ങളുടെ രാഷ്ട്രീയ നയം പോലെ തന്നെയല്ലേ സാമ്പത്തിക നയവും.

ശ്രീ. കെ. ബാബു : യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മൂവായിരം കോടി ഉറുപ്പികയുടെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഷെയർ ഡിസ് ഇൻവെസ്റ്റ്മെന്റ് നടത്താൻ തീരുമാനിക്കുകയും അതിന് ഒരു കമ്മിഷനെ നിയോഗിക്കുകയും ചെയ്ത കാര്യം അങ്ങേയ്ക്കറിയുമോ?

ശ്രീ. പി. രാഘവൻ : ശ്രീ. ബാബു, ഈ സംഗതികൾ മറച്ചുവച്ചതു കൊണ്ട് കാര്യമില്ല. എന്റെ ചോദ്യമതല്ല. 1991-ലെ നരസിംഹറാവു ഗവൺമെന്റിന്റെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. മൻമോഹൻസിംഗ് നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഉദാരവൽക്കരണത്തിന്റെ ഭാഗം--ഇന്ന് ശ്രീ. ചിദംബരത്തിന്റെ നയത്തോട് ഞങ്ങൾക്കൊന്നും യോജിപ്പില്ല. ഞങ്ങൾ അത് പരസ്യമായി പറഞ്ഞിട്ടുള്ള കാര്യമാണ്. ലജ്ജിക്കുകയാണ്, വാസ്തവത്തിൽ ഒരു പിൻതാങ്ങി പ്രതിപക്ഷമല്ലേ നിങ്ങൾ. ബഹുമാനപ്പെട്ട സോണിയാഗാന്ധി പറഞ്ഞു, ഞങ്ങൾ ഇൻഷ്വറൻസ് ബില്ലിനെ എതിർക്കുകയാണ് എന്ന്, അവസാനം എവിടെ എത്തി? ശ്രീമതി സോണിയാഗാന്ധി അടക്കമുള്ള ആളുകൾ ബി.ജെ.പി. ഗവൺമെന്റ് കൊണ്ടുവന്ന ഇൻഷ്വറൻസ് ബില്ലിനെ അംഗീകരിച്ചു കൊടുത്തില്ലേ. നാണക്കേടല്ലേ, നെഹ്റുവിന്റെയും ഇന്ദിരാഗാന്ധിയുടേയും നയമാണോ നിങ്ങളുടേത്? അല്ല, നിങ്ങൾ ഇൻഡ്യാരാജ്യത്ത് ബി.ജെ.പി.യുടെ നയമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. നിങ്ങളുടെ നയമാണ് ബി.ജെ.പി. യുടേത്, ഞാൻ സമ്മതിച്ചു. കോൺഗ്രസിന്റെ നയമാണ് ബി.ജെ.പി. നടപ്പിലാക്കുന്നത് എന്ന അഗസ്തിയുടെ വാദത്തോട് നൂറു ശതമാനവും ഞാൻ യോജിക്കുകയാണ്. നിങ്ങൾ രണ്ടുപേരും ഒന്നുതന്നെയാണ്. ഒരേ തൂവൽ പക്ഷികളാണ്, മനസ്സിലായില്ലേ, കോൺഗ്രസും ബി.ജെ.പി.യും ഒരേ തൂവൽ പക്ഷികളാണ്. ശ്രീ അഗസ്തി അറിയാതെയെങ്കിലും അക്കാര്യം സമ്മതിച്ചല്ലോ. ഇന്ദിരാഗാന്ധി ദേശവൽക്കരിച്ച ബാങ്കുകൾ മുഴുവൻ ബി.ജെ.പി. സ്വകാര്യവ്യക്തികൾക്ക് കൊടുക്കുമ്പോൾ ശ്രീമതി സോണിയാഗാന്ധി രണ്ടു കയ്യും പൊക്കും, ഒരു കയ്യല്ല, രണ്ടു കയ്യും പൊക്കും മനസ്സിലായില്ലേ.

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : ഷെയർ വിൽക്കാൻ ഒരു വകുപ്പുണ്ടാക്കി, അതിനെ അവർ പിൻതുണയ്ക്കില്ലേ.

ശ്രീ. പി. രാഘവൻ : ഇവരല്ലേ അതുകൊണ്ടു വന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽക്കാൻ നിയമം കൊണ്ടുവന്നത് കോൺഗ്രസാണ്, അത് ശക്തമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ആ നിലയിൽ നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയെ മുഴുവൻ തകർത്ത് തരിപ്പണമാക്കിയ ഒരു കോൺഗ്രസ് ഇവിടെ വന്നിട്ട് ഞങ്ങളോട് പറയുകയാണ്, നിങ്ങൾ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് വിൽക്കാൻ തീരുമാനിച്ചത് എന്ന്? ഈ ഗവൺമെന്റ് ആ പൊതുമേഖലാസ്ഥാപനങ്ങളെ മുഴുവൻ ശക്തിപ്പെടുത്തി ലാഭത്തിലേയ്ക്ക് കൊണ്ടുവന്നു. ഞങ്ങൾ ആരും വിറ്റില്ല. അതിനെ മുഴുവൻ ശക്തമാക്കുകയാണ് ഞങ്ങൾ ചെയ്തത്. കെ.എം.എം.എൽ. അടക്കമുള്ള

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾ ലാഭത്തിലല്ലേ, പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാക്കിയത് ഞങ്ങളല്ല, കോൺഗ്രസും,. ബി.ജെ.പി.യും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ്. രാഷ്ട്രീയമായിട്ടും സാമ്പത്തികമായിട്ടും നിങ്ങൾ ബി.ജെ.പി.യെ അംഗീകരിക്കുകയല്ലേ ചെയ്യുന്നത്. പിന്നെയെന്താണ് നിങ്ങളും ബി.ജെ.പിയും തമ്മിലുള്ള വ്യത്യാസം. ബി.ജെ.പി. ഗവൺമെന്റ് എന്ന കാവൽ ഗവൺമെന്റിനെ ഇല്ലാതാക്കാനുള്ള സുവർണാവസരം നിങ്ങൾക്ക് ഉണ്ടായപ്പോൾ ഞങ്ങൾ ഒറ്റയ്ക്ക് എന്ന് പറഞ്ഞ് നടക്കുകയല്ലേ ചെയ്തത്. ഈ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് മനസ്സിലായില്ലേ കോൺഗ്രസ് ഒന്നും അല്ലാ എന്ന്, ബഹുമാനപ്പെട്ട ആന്റണിയുടെ ഇപ്പോഴത്തെ പ്രമേയം പറയുന്നത് ഇടതുപക്ഷ ചായ്വ് വേണമെന്നാണ്. ഇടതുപക്ഷ യോജിപ്പു വേണമെന്നല്ല, ആളെ പറ്റിക്കാനുള്ള നയത്തിൽ മാറ്റം വരുത്തണമെന്നാണ്. പതിനാല് ബാങ്കുകൾ ദേശവൽക്കരിച്ചതു പോലെയുള്ള നടപടികൾ എടുക്കും എന്ന് പറയുക മാത്രമാണ് ചെയ്യുന്നത്. ഇടതുപക്ഷക്കാരോട് ഒരു യോജിപ്പ് ഉണ്ടാക്കണമെന്ന് ശ്രീ. ആന്റണി പറഞ്ഞില്ല. മാർക്സിസ്റ്റുകാരുടെ ഭരണത്തേക്കാളും പട്ടാള ഭരണമാണ് കേരളത്തിന് അഭികാമ്യമെന്ന് ഒരു ലജ്ജയും ഇല്ലാതെ ശ്രീ. ആന്റണി കണ്ണൂരിൽ പ്രസംഗിച്ചില്ലേ, അദ്ദേഹം പറഞ്ഞത് പാകിസ്ഥാനെപ്പോലുള്ള ഒരു പട്ടാളഭരണം കേരളത്തിൽ വേണമെന്നല്ലേ, ഈ രാജ്യത്തിന്റെ ജനാധിപത്യ വ്യവസ്ഥയോടുള്ള വെല്ലുവിളിയാണ് ബഹുമാനപ്പെട്ട ആന്റണി കണ്ണൂരിൽ നടത്തിയത്. എന്നിട്ട് ജനാധിപത്യത്തെ സംബന്ധിച്ച് പ്രസംഗിക്കുകയാണ്.

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : ശ്രീ. എ.കെ. ആന്റണി കണ്ണൂരിൽ പോയി പട്ടാള ഭരണമാണ് മാർക്സിസ്റ്റ് ഭരണത്തേക്കാളും ഭേദമെന്ന് ഒന്നുരണ്ടു മാസം മുമ്പ് പറഞ്ഞ കാര്യമാണ്. ഇപ്പോൾ ഇത് അനുഭവത്തിൽ നിന്ന് തെളിവായില്ലേ.

<u>ശ്രീ. പി. രാഘവൻ</u> :. ഇപ്പോഴും പട്ടാള ഭരണം വേണമെന്നുള്ള അഭിപ്രായം ബഹുമാനപ്പെട്ട തങ്കച്ചന് ഉണ്ടോ? ഞാൻ അങ്ങനെ പറഞ്ഞിട്ടില്ലെന്ന് അദ്ദേഹം മാറ്റി പറഞ്ഞു. ബഹുമാനപ്പെട്ട തങ്കച്ചൻ പറയുന്നത് ഇപ്പോൾ അത് വേണമെന്നുള്ളതാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : അങ്ങനെ പറഞ്ഞതുകൊണ്ടല്ലേ അങ്ങ് ഇപ്പോൾ സത്യം പറഞ്ഞത്? അല്ലെങ്കിൽ അത് പറയുകയില്ലല്ലോ.

<u>ശ്രീ. പി. രാഘവൻ</u> : ബഹുമാനപ്പെട്ട ആന്റണിയുടെ ആ പ്രഖ്യാപനത്തിനെതിരായി ജനകീയരോഷം ആഞ്ഞടിച്ചപ്പോൾ പണ്ട് കാലത്ത് ചെയ്തതുപോലെതന്നെ അദ്ദേഹം പിൻവലിച്ചു. സാധാരണ അങ്ങനെയുള്ള ഒരു പതിവ് ശ്രീ. ആന്റണിക്ക് ഉണ്ട്. അത് ശ്രീ. ആര്യാടന് അറിയാമല്ലോ. പൊതുമേഖലാ സ്ഥാപനങ്ങളെ നശിപ്പിക്കുന്ന നയത്തിലും ഇൻഡ്യയിലെ ജനാധിപത്യത്തെ നശിപ്പിക്കുന്ന നയത്തിലും നിങ്ങളും ബി.ജെ.പി.യും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ലെന്നുള്ള അർത്ഥത്തിലാണ് ഞാൻ പറഞ്ഞത്. ആ നിലയിൽ ഇപ്പോൾ ഇതിനെ അവർ എതിർക്കുകയാണ്. ഞാൻ പറയുന്നത് കേരളത്തെ വികസനത്തിലേക്ക് നയിക്കുന്ന എല്ലാറ്റിനേയും നിങ്ങൾ എതിർക്കുകയാണെന്നാണ്. നിങ്ങൾ മാനവീയത്തെ എതിർക്കുന്നു, ജനകീയാസൂത്രണത്തെ എതിർക്കുന്നു, കർഷകത്തൊഴിലാളി പെൻഷനെ എതിർക്കുന്നു. ശ്രീ. ആര്യാടൻ പറഞ്ഞല്ലോ പ്രത്യുൽപ്പാദനപരമല്ലാത്ത കർഷകത്തൊഴിലാളി എന്ന്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ഞാനാണ് 1980-ൽ അത് കൊണ്ടുവന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാഘവൻ : സർ, അന്ന് ശ്രീ. കരുണാകരനാണ് എതിർത്തത്. അത് മനസ്സിലായി. ശ്രീ. ആര്യാടൻ അന്ന് ഞങ്ങളുടെ കൂട്ടത്തിലായിരുന്നു. ശ്രീ. ആര്യാടൻ ഞങ്ങളുടെ കൂട്ടത്തിൽ നിന്ന് പോയപ്പോൾ ഈ ബില്ലിനെ എതിർക്കുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അങ്ങ് ആദ്യം പറഞ്ഞുതുടങ്ങിയത് ശ്രീ. ആര്യാടൻ അടക്കം ഇതിനെ അനുകൂലിക്കുന്നു എന്നാണ്. ഇപ്പോൾ അങ്ങ് പറയുന്നു ഞാൻ എതിർക്കുന്നുവെന്ന്. ഞാൻ പറഞ്ഞത് എന്താണെന്നുവച്ചാൽ ഒരു ഓർഡിനൻസിന്റെ ഡിസ്അപ്രൂവലാണ്. ഇതൊക്കെ ഓർഡിനൻസ് കൊണ്ടുവരുന്നതല്ല. ഇതിൽ പല അപാകതകളുമുണ്ട്. അത് ചൂണ്ടിക്കാണിച്ച് കറക്ട് ചെയ്ത് കൊണ്ടുവരണം. അങ്ങയുടെ അമെന്റ്മെന്റ് അവസാനം പിൻവലിക്കും. ഞാൻ അങ്ങനെ പിൻവലിക്കുകയില്ല.

ശ്രീ. പി. രാഘവൻ : സർ, അങ്ങ് അമെന്റ്മെന്റ് പിൻവലിച്ചില്ലെങ്കിലും മറ്റ് പലതും പിൻവലിച്ചിട്ടുണ്ട്. ഏതായാലും ഈ ബില്ലിനെ അദ്ദേഹം എതിർക്കുന്നില്ലെന്ന കാര്യം അദ്ദേഹം സമ്മതിച്ചു. അത് സന്തോഷമുള്ള കാര്യമാണ്. മറ്റ് ചില മെമ്പർമാർ അങ്ങനെയല്ല ചെയ്തത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ശ്രീ. ആര്യാടന്റെ പാർട്ടിക്കാർ പൊതുവേ എതിർത്തിട്ടും ശ്രീ. ആര്യാടൻ അനുകൂലിച്ചത് നല്ല കാര്യമാണ്. അതിൽ തർക്കമില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞങ്ങളുടെ പാർട്ടിയുടെ തീരുമാനം അതാണ്. നിങ്ങളെപ്പോലെ പാർട്ടിയുടെ തീരുമാനം ഒന്ന് ശ്രീ. നായനാരുടെ തീരുമാനം വേറൊന്ന്, അങ്ങനെയല്ല.

ശ്രീ. കെ.എം. മാണി : സർ, ശ്രീ. ആര്യാടന് ഇൻഡിപെൻഡന്റായിട്ടുള്ള നിലപാടുണ്ടെന്ന് ശ്രീ. പി. രാഘവന് അറിഞ്ഞുകൂടെ?

ശ്രീ. പി. രാഘവൻ : ബഹുമാനപ്പെട്ട ആര്യാടനെ എതിർത്തത് ശ്രീ. കെ.സി. ജോസഫ് പ്രസംഗിച്ചപ്പോൾ എനിക്ക് തോന്നിയത് പാർട്ടിയുടെ നയം വേറെയും ആര്യാടന്റെ നയം വേറെയുമാണെന്നാണ്. ശ്രീ. കെ.എം. മാണി ഇപ്പോൾ പറഞ്ഞല്ലോ ശ്രീ. ആര്യാടന് കോൺഗ്രസിന്റെ നയത്തിൽ നിന്ന് വ്യത്യസ്തമായി ഇൻഡിപെൻഡായിട്ടുള്ള നയമാണെന്ന്. അതുകൊണ്ട് വളരെ എളുപ്പത്തിൽ ഈ ബിൽ പാസ്സാക്കാൻ കഴിയുകയില്ല. എല്ലാവരും യോജിച്ച് ഈ ബിൽ പാസ്സാക്കുകയാണെങ്കിൽ ഞാൻ നിറുത്തുകയാണ്. ഈ ബില്ലിനെ അനുകൂലിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട നാലകത്തു സൂപ്പി അധികാരപ്പെടുത്തിയത് അനുസരിച്ച് ശ്രീ. എ.വി. താമരാക്ഷന് സംസാരിക്കാം.

ശ്രീ. പി.പി. തങ്കച്ചൻ : സർ, ബി.എ.സി കൂടിയപ്പോൾ തീരുമാനിച്ചത് ഇന്ന് ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുന്ന അംഗത്തിന്റേത് കഴിഞ്ഞിട്ട് അവസാനിക്കട്ടെ, ബാക്കി നാളെ കണ്ടിന്യൂ ചെയ്യാമെന്നും വേറെ ഒരു ബില്ലുംകൂടി ചർച്ചയ്ക്ക് എടുക്കാമെന്നുമാണ്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കാര്യോപദേശക സമിതിയുടെ തീരുമാനമാണ് ഫൈനൽ. അതിൽ തർക്കമൊന്നുമില്ല, ഇന്നത്തേയ്ക്ക് ഷെഡ്യൂൾ ചെയ്തപ്പോൾ ഇന്ന് നിരാകരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുമാണ്. അതനുസരിച്ച് ഇന്ന് 3 മണിക്ക് സബ്ജക്ട് കമ്മിറ്റിയും വച്ചിട്ടുണ്ട്. അത് മാറ്റാം. ബി.എ.സി.യുടെ തീരുമാനമെന്ന് പറഞ്ഞാൽ പിന്നെ എനിക്ക് ഒന്നും പറയാനില്ല.

ശ്രീ. ടി.എം. ജേക്കബ് : സർ, ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടി ഇന്നും നാളെയുമായിട്ട് രണ്ട് ബിൽ തീരുമാനിച്ചിട്ടുണ്ട്. ഈ ബില്ലിന്റെ ചർച്ച ഇപ്പോൾ അവസാനിപ്പിച്ചിട്ട് നാളെ തുടരാം. അതുകൂടാതെ നാളെ ഒരു ബിൽ കൂടി എടുക്കുന്നുണ്ട്. അങ്ങനെയാണ് ബി.എ.സി. തീരുമാനിച്ചത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബി.എ.സി. ഒരു തീരുമാനമെടുത്താൽ അത് അംഗീകരിക്കുന്ന ഒരു കീഴ്വഴക്കമേ ഈ സഭയ്ക്ക് ഉള്ളൂ. അതുകൊണ്ട് ഇന്ന് ഇത് നിറുത്തിവയ്ക്കാം. നാളെ രണ്ടോ മൂന്നോ ആളുകളേ സംസാരിക്കാനുണ്ടാകൂ. അവർ സംസാരിച്ചിട്ട് മറ്റൊരു ബില്ലുംകൂടി എടുത്താൽ തീരാവുന്നതേയുള്ളൂ.

ശ്രീ. പി.സി. ജോർജ് : സർ, ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. ടി. എം.ജേക്കബും അങ്ങനെ പറയുന്നു. ഇതിന് ആധികാരികത എന്താണ്? ഇങ്ങനെ തീരുമാനിച്ചു എന്നുള്ളതിന് തെളിവെന്താണ്? ഈ സഭയ്ക്ക് എങ്ങനെ അറിയാൻ പറ്റും? ഇപ്പോൾ സംസാരിക്കാൻ സമയമുണ്ടല്ലോ.

ശ്രീ. ടി. ശിവദാസമേനോൻ : സർ, ബിസിനസ് അഡ്വൈസറി കമ്മിറ്റി നാളെ ഇത് തുടരാമെന്ന് പറഞ്ഞിട്ടുണ്ടെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ഡിസംബർ 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് ശേഷം 1.58-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly